തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# തദ്ദേശകം

നവംബർ 2025 പുസ്തകം 1 ലക്കം 10



## തദ്ദേശതെരഞ്ഞെടുപ്പ്

# ജനാധിപത്യത്തിന്റെ ഉത്സവത്തിലേക്ക്

കേരള സർക്കാർ

LSGD

# അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

## തദ്ദേശ സ്വയംഭരണ വകുപ്പ്
## എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ
അഴിമതി / കൈക്കൂലി സംബന്ധിച്ച
പരാതികൾ പൊതുജനങ്ങൾക്ക്

**807 806 60 60**

എന്ന വാട്സ്ആപ് നമ്പറിൽ
അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

നവംബർ 2025 പുസ്തകം 1 ലക്കം 10

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ് ഐ.എ.എസ്**
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി. ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ. ഐ.എ.എസ്**
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ
**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ
**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

**കെ.എം. ഉഷ**
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**ബി.പി. മുരളി**
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
**കെ.ജി. രാജേശ്വരി**
ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ
**എം. കൃഷ്ണദാസ്**
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ
**അനിൽകുമാർ. എം**
പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
കമ്മ്യൂണിക്കഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

ജനാധിപത്യത്തിന്റെ ഉത്സവമായ തെരഞ്ഞെടുപ്പുകളുടെ കാലമാണ് ഇനി. 2025 ഡിസംബറിൽ നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായി തെരഞ്ഞെടുപ്പ് പ്രകിയയുടെ ഓരോ ഘട്ടത്തിലുമുള്ള പ്രവർത്തനങ്ങളെ കുറിച്ചാണ് ഈ ലക്കത്തിൽ വിശദീകരിക്കുന്നത്. ഏറെ പ്രത്യേകതകൾ ഉള്ളതാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്. വിജ്ഞാപനം മുതൽ തെരഞ്ഞടുക്കപ്പെടുന്നവർക്ക് സത്യവാചകം ചൊല്ലി കൊടുക്കുന്നത് വരെയുള്ള വിവരങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

തെരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികളെ കുറിച്ചും ഈ ലക്കത്തിൽ വായിക്കാം. തെരഞ്ഞെടുപ്പ് ബോർഡുകൾ, ബാനറുകൾ, പ്ലാസ്റ്റിക് കൊടി തോരണങ്ങൾ, പ്ലാസ്റ്റിക് പേപ്പറുകൾ, റിബണുകൾ, നൂലുകൾ എന്നിവയിൽ ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായി ഒഴിവാക്കി ഹരിതചട്ടം പാലിക്കാനാണ് നിർദ്ദേശം. തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻ പ്രചരണ സാമഗ്രികൾ മാതൃകാപരമായി ഹരിത കർമ്മ സേനയ്ക്ക് യൂസർഫീ നൽകി കൈമാറാനും നിർദ്ദേശമുണ്ട്.

കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് മാത്രമല്ല മലയാള ഭാഷ 365 ദിവസങ്ങളിലും ഭരണഭാഷയായി ഉപയോഗിക്കണമെന്ന സന്ദേശവും ഈ ലക്കത്തിലുണ്ട്. കേരളത്തിലെ ഭരണഭാഷയുടെ ചരിത്രവും വർത്തമാനവും അതിന്റെ പ്രാധാന്യവും വിശദീകരിക്കുന്ന ലേഖനത്തിൽ ലിപിപരിഷ്ക്കരണത്തെ കുറിച്ചും വിവരിക്കുന്നുണ്ട്. കുട്ടനാട്ടിലെ വിനോദ സഞ്ചാരവും കൃഷിയും സംസ്കാരവും തുടങ്ങി വ്യത്യസ്തങ്ങളായ വിഷയങ്ങളാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ദീപ കെ.**
എഡിറ്റർ



തദ്ദേശകം
തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ
ജൂൺ 2025 പുസ്തകം 1 ലക്കം 4

# ഉള്ളടക്കം






06
തെരഞ്ഞെടുപ്പുകൾ –
ജനാധിപത്യത്തിന്റെ ഉത്സവം.
വിനോദ് ഡാനിയൽ

12
തദ്ദേശ തെരഞ്ഞെടുപ്പിൽ
ഹരിതചട്ടം പാലിക്കണം
ടി. ഷാഹുൽ ഹമീദ്

14
കേരളത്തിലെ ഭരണഭാഷ:
ചരിത്രവും വർത്തമാനവും
സുബൈർ അരിക്കുളം

22
അഭിമാനം ഈ തൊഴിൽ
അഭിമുഖം: ചിത്രലേഖ

28
കുട്ടനാട് –
കൃഷി, സംസ്കാരം, വിനോദസഞ്ചാരം
റെജി ഷൈലജ്

36
മാനവീയം
ഭാവിയിലേക്ക് തുറക്കുന്ന
സംസ്കാരത്തിന്റെ ഇടനാഴി
ഷിജു ഏലിയാസ്

വിനോദ് ഡാനിയൽ

# തെരഞ്ഞെടുപ്പുകൾ – ജനാധിപത്യത്തിന്റെ ഉത്സവം.



കേരളത്തിൽ ഒരു തെരഞ്ഞെടുപ്പുകാലം കൂടി സമാഗതമാവുകയാണ്. 'ജനാധിപത്യത്തിന്റെ ഉത്സവം' എന്നാണ് ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ ആയിരുന്ന ടി എൻ ശേഷൻ പൊതുതെരഞ്ഞെടുപ്പുകളെ വിശേഷിപ്പിച്ചത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ്.

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അടിത്തറ ലഭ്യമായത്. അതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടുകൾ നിലവിൽ വരികയും 1995 മുതൽ ഇന്ന് കാണുന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ കേരളത്തിൽ ആരംഭിക്കുകയും ചെയ്തു.

നഗരവാസികൾക്ക് അവരുടെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ ഒരു വോട്ടും, ഗ്രാമവാസികൾക്ക് ഗ്രാമ/ ബ്ലോക്ക്/ ജില്ല എന്നിങ്ങനെ ത്രിതലസംവിധാനത്തിൽ മൂന്ന് വോട്ടുമാണ് ഈ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്താനുള്ളത്.

എല്ലാ വിഭാഗങ്ങൾക്കും തദ്ദേശസ്വയംഭരണപ്രക്രിയയിൽ പങ്കാളികളായി പ്രാതിനിധ്യം ഉറപ്പാക്കാൻ വനിത/പട്ടികജാതി /പട്ടികവർഗ്ഗ സംവരണതത്ത്വങ്ങളും ഇവിടെ പാലിക്കുന്നുണ്ട്. 2010 പൊതുതെരഞ്ഞെടുപ്പു മുതൽ കേരളത്തിൽ അമ്പതു ശതമാനം വനിതാ സംവരണവും നിലവിലുണ്ട്. ഈ തെരഞ്ഞെടുപ്പുകൾ ജനാധിപത്യപ്രക്രിയയിലൂടെ അധികാരവികേന്ദ്രീകരണം സാധ്യമാക്കി.

1995ൽ ഗാന്ധിജയന്തിദിനമായ ഒക്ടോബർ രണ്ടിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഈ സംവിധാനം നിലവിൽ വന്ന ശേഷം ഏഴാമത്തെ പൊതു തെരഞ്ഞെടുപ്പാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. തദ്ദേശസ്വയംഭരണസ്ഥാപന തെരഞ്ഞെടുപ്പുകൾക്ക് മാത്രമായി രൂപീകൃതമായ സംസ്ഥാന തെരഞ്ഞെടുപ്പു

കമ്മീഷന്റെ മേൽനോട്ടത്തിലാണ് തെരഞ്ഞെടുപ്പിന്റെ എല്ലാ പ്രക്രിയകളും നടക്കുന്നത്. വോട്ടർപട്ടിക തയ്യാറാക്കുന്നതു മുതൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെ തെരഞ്ഞെടുക്കുന്നതു വരെയുള്ള ബൃഹത്തായ ഒരു പ്രക്രിയക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ നേതൃത്വം വഹിക്കുന്നു. തെരഞ്ഞെടുപ്പുപ്രക്രിയയുടെ ഓരോ ഘട്ടത്തിലെയും നടപടികൾ വിശദമാക്കി വ്യക്തമായ ചട്ടങ്ങളും ഉത്തരവുകളും തെരഞ്ഞെടുപ്പ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നു.

തെരഞ്ഞെടുപ്പ് നടപടികളുടെ പ്രാരംഭപ്രഖ്യാപനമായ വിജ്ഞാപനം മുതലുള്ള പ്രധാനഘട്ടങ്ങൾ ഇവയാണ് :

**നഗരവാസികൾക്ക് അവരുടെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ ഒരു വോട്ടും ഗ്രാമവാസികൾക്ക് ഗ്രാമ/ ബ്ലോക്ക്/ ജില്ല എന്നിങ്ങനെ ത്രിതലസംവിധാനത്തിൽ മൂന്ന് വോട്ടുമാണ് ഈ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്താനുള്ളത്.**

## വിജ്ഞാപനം

സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനാണ് തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. വോട്ടെടുപ്പു തീയതി, നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാനതീയതി, സൂക്ഷ്മപരിശോധന തീയതി, പത്രിക പിൻവലിക്കാനുള്ള അവസാനതീയതി തുടങ്ങിയവ വിജ്ഞാപനത്തിൽ ഉണ്ടാകും. വരണാധികാരികൾ എല്ലാ വിവരങ്ങളും വിശദമായി ഉൾക്കൊള്ളിച്ചുകൊണ്ട് അവർ ചുമതല വഹിക്കുന്ന മണ്ഡലങ്ങളുടെ തെരഞ്ഞെടുപ്പുവിജ്ഞാപനവും പുറപ്പെടുവിക്കുന്നു. വരണാധികാരിയുടെ ഓഫീസിലും, അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നു. വിജ്ഞാപനത്തീയതി മുതൽ സ്ഥാനാർത്ഥികൾക്ക് നാമനിർദേശപത്രികകൾ അതത് വരണാധികാരി മുമ്പാകെ സമർപ്പിച്ചു തുടങ്ങാവുന്നതാണ്.

## നാമനിർദ്ദേശപത്രിക സമർപ്പിക്കൽ

വോട്ടർപട്ടികയിൽ പേരുള്ള ഏതൊരു പൗരനും സ്വന്തം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ സംവരണതത്ത്വങ്ങൾക്കനുസരിച്ച് മത്സരിക്കാൻ നാമനിർദ്ദേശപത്രിക സമർപ്പിക്കാം. മത്സരിക്കാൻ താത്പര്യമുള്ള സ്ഥാനാർത്ഥികൾ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ അതത് വാർഡ്/ഡിവിഷനുകളിലെ വരണാധികാരി (Returning Officer - RO) മുമ്പാകെയാണ് നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ടത്.

സ്ഥാനാർത്ഥിയുടെ യോഗ്യത, സ്വത്തുവിവരങ്ങൾ, ക്രിമിനൽപശ്ചാത്തലം തുടങ്ങിയ വിവരങ്ങൾ സത്യവാങ്മൂലമായി നിശ്ചിതഫോറത്തിൽ നാമനിർദ്ദേശപത്രികയോടൊപ്പം സമർപ്പിക്കണം. സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും വിശദമായി തെരഞ്ഞെടുപ്പുകമ്മീഷൻ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന തീയതി മുതൽ 7 പ്രവൃത്തിദിനങ്ങൾ നാമനിർദ്ദേശപത്രിക സമർപ്പണത്തിന് ഉണ്ടായിരിക്കും. സ്ഥാനാർത്ഥിയാകുന്നയാൾക്ക് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ദിവസം 21 വയസ്സ് പൂർത്തിയായിരിക്കണം. കെട്ടിവയ്ക്കാനുള്ള തുകയുടെ വിവരം ചുവടെ കൊടുക്കുന്നു:

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | – 2000/- |
| ബ്ലോക്ക് പഞ്ചായത്ത് | – 4000/- |
| ജില്ലാപഞ്ചായത്ത് | – 5000/- |
| മുനിസിപ്പാലിറ്റി /കോർപ്പറേഷൻ | – 4000/- |

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന സ്ഥാനാർത്ഥികൾക്ക് മേൽ പറഞ്ഞതിന്റെ 50% തുക മതിയാകും.

## സൂക്ഷ്മപരിശോധന

നാമനിർദ്ദേശപത്രികകൾ സമർപ്പിക്കാനുള്ള സമയം അവസാനിച്ചശേഷം, വരണാധികാരി ഓരോ പത്രികയും സൂക്ഷ്മമായി പരിശോധിക്കുന്നു. ഈ സമയം സ്ഥാനാർത്ഥി, അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യുന്നയാൾ, തെരഞ്ഞെടുപ്പ് ഏജന്റ് തുടങ്ങിയവർക്ക് ഈ നടപടികൾ നേരിൽ വീക്ഷിക്കാൻ അവസരം ഉണ്ടായിരിക്കും. നിയമപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കാത്തതോ തെറ്റായ വിവരങ്ങൾ നൽകിയതോ ആയ പത്രികകൾ ഇവിടെ നിരസിക്കപ്പെടാം. സ്ഥാനാർത്ഥിയുടെ സ്വത്തുവിവരവും ക്രിമിനൽപശ്ചാത്തലവും സത്യവാങ്മൂലമായി നൽകുന്ന നിശ്ചിതഫോറത്തിൽ സമർപ്പിക്കാതിരുന്നാലും നാമനിർദ്ദേശപത്രിക തള്ളാം.

## സ്ഥാനാർത്ഥിത്വം പിൻവലിക്കൽ

സൂക്ഷ്മപരിശോധന പൂർത്തിയായശേഷം മത്സരിക്കാൻ താൽപര്യമില്ലാത്ത സ്ഥാനാർത്ഥികൾക്ക് പത്രിക പിൻവലിക്കാൻ അവസരം ഉണ്ടായിരിക്കും. ഇതിനായി രണ്ടു ദിവസംവരെ അനുവദിക്കാറുണ്ട്. ആ സമയപരിധിക്കുള്ളിൽ തങ്ങളുടെ സ്ഥാനാർത്ഥിത്വം നിശ്ചിതനടപടിക്രമം പാലിച്ച് പിൻവലിക്കാം. പത്രിക പിൻവലിക്കാനുള്ള അപേക്ഷയ്ക്ക് തെരഞ്ഞെടുപ്പു കമ്മീഷൻ നിശ്ചിതമാതൃക നിശ്ചയിച്ചിട്ടുണ്ട്. പിൻവലിക്കുന്നതിനുള്ള അപേക്ഷ സ്ഥാനാർത്ഥിതന്നെ നേരിട്ട് വരണാധികാരിക്ക് നൽകേണ്ടതുണ്ട്. പിൻവലിക്കൽ സമയം കഴിഞ്ഞാൽ ശേഷിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമപട്ടിക വരണാധികാരികൾ പ്രസിദ്ധീകരിക്കുന്നു.

## ചിഹ്നം അനുവദിക്കൽ

പത്രിക പിൻവലിക്കുന്നതിനുള്ള സമയം പൂർത്തിയാകുന്നമുറയ്ക്ക് സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്ന നടപടി വരണാധികാരി ആരംഭിക്കും. അംഗീകൃത രാഷ്ട്രീയപാർട്ടികളുടെ സ്ഥാനാർത്ഥികൾക്ക് അവരുടെ പാർട്ടിചിഹ്നം തന്നെ ലഭിക്കും. അതിനായി നാമനിർദ്ദേശപത്രികയോടൊപ്പം അംഗീകൃത രാഷ്ട്രീയപാർട്ടികളുടെ ചുമതലപ്പെട്ട ഭാരവാഹികളുടെ സമ്മതപത്രം സ്ഥാനാർത്ഥി സമർപ്പിച്ചിരിക്കണം. സ്വതന്ത്രസ്ഥാനാർത്ഥികൾക്ക് സംസ്ഥാനതെരഞ്ഞെടുപ്പുകമ്മീഷൻ അംഗീകരിച്ചിട്ടുള്ള ചിഹ്നങ്ങളിൽനിന്ന് ചിഹ്നം അനുവദിച്ചു നൽകുന്നു. അംഗീകൃത രാഷ്ട്രീയപാർട്ടികളുടെ സ്ഥാനാർത്ഥികൾ മത്സരിക്കാൻ ഇല്ലെങ്കിൽ ആ രാഷ്ട്രീയ കക്ഷികൾക്കായി തെരഞ്ഞെടുപ്പുകമ്മീഷൻ അനുവദിച്ചിട്ടുള്ള ചിഹ്നം മറ്റൊരു സ്ഥാനാർത്ഥിക്ക് നൽകുന്നതല്ല. അന്നുതന്നെ അന്തിമബാലറ്റിന് രൂപം നൽകേണ്ടതുണ്ട്. മലയാളം അക്ഷരമാലക്രമത്തിൽ തയ്യാറാക്കുന്ന ബാലറ്റിൽ, തങ്ങൾ പൊതുസമൂഹത്തിൽ അറിയപ്പെടുന്നത് മറ്റൊരു പേരിലോ യഥാർത്ഥ പേരിനോടൊപ്പം മറ്റു കൂട്ടിച്ചേർക്കലുകളിലോ ആണെങ്കിൽ ആ പേര് രേഖാമൂലം ആവശ്യപ്പെട്ടാൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ, ബാലറ്റിലെ ക്രമം നിശ്ചയിക്കാൻ അങ്ങനെ ഉൾപ്പെടുത്തുന്ന പേരിന്റെ അക്ഷരമാലാക്രമം ഉപയോഗിക്കാൻ പാടുള്ളതല്ല.

## തെരഞ്ഞെടുപ്പുപ്രചാരണം

സ്ഥാനാർത്ഥികളെ സംബന്ധിച്ച് ഏറ്റവും നിർണായകമായ ദിനങ്ങളാണ് തെരഞ്ഞെടുപ്പുപ്രചാരണവേള. സാഹോദര്യവും സൗഹാർദ്ദവും കാത്തുസൂക്ഷിച്ച് പരസ്പരം അംഗീകരിച്ചും ബഹുമാനിച്ചും തെരഞ്ഞെടുപ്പുപ്രചാരണങ്ങൾ നടത്തുന്നത് സ്ഥാനാർത്ഥികളുടെ അന്തസ്സ് ഉയർത്തും.

ജാതി-മതവിദ്വേഷപരാമർശങ്ങൾ, വ്യക്തിപരമായ അധിക്ഷേപങ്ങൾ, അപകീർത്തിപരാമർശങ്ങൾ

**എല്ലാ വിഭാഗങ്ങൾക്കും തദ്ദേശസ്വയംഭരണപ്രക്രിയയിൽ പങ്കാളികളായി പ്രാതിനിധ്യം ഉറപ്പാക്കാൻ വനിത/പട്ടികജാതി /പട്ടികവർഗ്ഗ സംവരണതത്ത്വങ്ങളും ഇവിടെ പാലിക്കുന്നുണ്ട്. 2010 പൊതുതെരഞ്ഞെടുപ്പു മുതൽ അമ്പതു ശതമാനം വനിതാസംവരണവും നിലവിലുണ്ട്.**

തുടങ്ങിയവ പ്രചാരണവിഷയമാക്കാൻ പാടുള്ളതല്ല. സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളൊന്നും തെരഞ്ഞെടുപ്പുപ്രചാരണങ്ങൾക്കായി ഉപയോഗിക്കരുത്. പോസ്റ്ററുകൾ, പ്രകടനങ്ങൾ, പൊതുയോഗങ്ങൾ, വീടുകൾതോറുമുള്ള വോട്ടഭ്യർത്ഥന എന്നിവയെല്ലാം ഈ ഘട്ടത്തിൽ അനുവദനീയമാണ്. എന്നാൽ ഇവയെല്ലാം ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ (ജില്ലാകളക്ടർ) നേരിട്ടുള്ള നിരീക്ഷണത്തിൽ ആയിരിക്കും. വോട്ടർമാർക്ക് സാമ്പത്തികസഹായങ്ങൾ, സാധനങ്ങൾ/ പാരിതോഷികങ്ങൾ മുതലായവ നൽകുന്നത് അനുവദനീയമല്ല. വികസനവീക്ഷണം, ആശയങ്ങൾ, നയപരിപാടികൾ എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതായിരിക്കണം പ്രചാരണപരിപാടികൾ. വോട്ടെടുപ്പിന് 48 മണിക്കൂർ മുമ്പ് പരസ്യപ്രചാരണം അവസാനിപ്പിക്കണം.

## വോട്ടെടുപ്പുദിവസം

തെരഞ്ഞെടുപ്പുദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അതത് പോളിംഗ് ബൂത്തുകളിൽ വോട്ടെടുപ്പ് നടക്കുന്നു. വോട്ടർമാർക്ക് തങ്ങളുടെ വോട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (EVM) വഴി രേഖപ്പെടുത്താം. ഗ്രാമപഞ്ചായത്തുപരിധിയിലെ വോട്ടർക്ക് ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളിലേക്ക് മൂന്നു വോട്ടുകൾ ചെയ്യേണ്ടതുണ്ട്. കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിതലത്തിലെ വോട്ടർമാർക്ക് ഒരൊറ്റ വോട്ട് മാത്രമേയുള്ളൂ. വോട്ടെടുപ്പുവേളയിൽ വോട്ടർമാരെ നേരിട്ട് മനസ്സിലാക്കാൻ സ്ഥാനാർത്ഥിക്ക് ഏജന്റിനെ പോളിംഗ് സ്റ്റേഷനിൽ നിയോഗിക്കാം. പോളിംഗ് സ്റ്റേഷൻ ചുമതലയുള്ള പ്രിസൈഡിങ് ഓഫീസർമാരാണ് ഏജന്റിനെ നിയമിക്കുന്നത്. തെരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ, പ്രവേശനാനുമതിയുള്ള പത്രപ്ര

വർത്തകർ, സ്ഥാനാർത്ഥികൾ തുടങ്ങിയവർക്ക് നിയന്ത്രണങ്ങൾക്ക് വിധേയമായി പോളിംഗ് സമയത്ത് പോളിംഗ് സ്റ്റേഷനുള്ളിൽ പ്രവേശനം ഉണ്ടായിരിക്കും. വോട്ടെടുപ്പ് ദിവസം പോളിംഗ് സ്റ്റേഷന്റെ 200 മീറ്റർ ചുറ്റളവ് പൂർണ്ണമായും പ്രിസൈഡിങ് ഓഫീസർമാരുടെ അധികാരപരിധിയിൽ ആയിരിക്കും. വോട്ടെടുപ്പു ദിവസം ഈ പ്രദേശത്ത് യാതൊരുവിധ പ്രചരണവും അനുവദനീയമല്ല.

വോട്ടെടുപ്പ് പൂർത്തിയായ ശേഷം പോളിംഗ് സ്റ്റേഷനിൽ അപ്പോഴുള്ള സ്ഥാനാർത്ഥികൾ, ഏജന്റുമാർ എന്നിവരുടെ സാന്നിധ്യത്തിൽ വോട്ടിംഗ് യന്ത്രം സീൽചെയ്ത് വരണാധികാരിയെ ഏൽപ്പിക്കുന്നു. തുടർന്ന് വോട്ടെണ്ണൽ തീയതിവരെ



കൃത്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തി ഇവ സ്ട്രോങ്ങ് റൂമുകളിൽ സൂക്ഷിക്കുന്നു.

## വോട്ടെണ്ണലും ഫലപ്രഖ്യാപനവും

വോട്ടെണ്ണൽ കേന്ദ്രത്തെക്കുറിച്ചുള്ള വിവരങ്ങളും വോട്ടെണ്ണുന്ന രീതിയും വരണാധികാരി സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിക്കും. വോട്ടെണ്ണൽനടപടികൾ നേരിട്ട് വീക്ഷിക്കുന്നതിന് സ്ഥാനാർത്ഥികൾ, ഏജന്റുമാർ എന്നിവർക്ക് അവസരം ഉണ്ടായിരിക്കും. കൗണ്ടിംഗ് ഏജന്റുമാരെ നിയമിക്കുന്നത് അതത് വരണാധികാരികൾ ആയിരിക്കും. അതിനായി നിശ്ചിതമാതൃകയിലുള്ള അപേക്ഷ സ്ഥാനാർത്ഥികൾ വരണാധികാരിക്ക് കാലേകൂട്ടി നൽകേണ്ടതാണ്. പഞ്ചായത്തുകളുടെ കാര്യത്തിൽ അവരവരുടെ തലങ്ങളിലെ വോട്ടെണ്ണൽ പൂർത്തിയാകുന്നമുറയ്ക്ക് അവർ നിയോഗിച്ചിട്ടുള്ള ഏജന്റുമാർ കൗണ്ടിംഗ് ഹാളിൽനിന്ന് പുറത്തുപോകണം. വിജയികളെ സംസ്ഥാനതെരഞ്ഞെടുപ്പു കമ്മീഷന്റെ പ്രതിനിധി എന്ന നിലയിൽ അതത് വരണാധികാരികൾ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും അവർക്ക് തെരഞ്ഞെടുപ്പുസാക്ഷ്യപത്രം നൽകുകയും ചെയ്യുന്നു.

ഈ നടപടിക്രമങ്ങൾ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എല്ലാ മണ്ഡലത്തിലും പൂർത്തിയായശേഷം, വിജയിച്ചവർക്ക് വരണാധികാരി രേഖാമൂലം അറിയിപ്പുനൽകി അവരെ തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ വിളിച്ചുകൂട്ടുന്നു. ഈ ആദ്യയോഗത്തിൽ ഏറ്റവും മുതിർന്ന അംഗത്തെ (പ്രായത്തിൽ) വരണാധികാരി ആദ്യം സത്യപ്രതിജ്ഞ ചെയ്യിപ്പിച്ച് സത്യപ്രതിജ്ഞാ രജിസ്റ്ററിൽ ഒപ്പുവയ്പ്പിക്കുന്നു. ആ മുതിർന്ന അംഗമാണ് മറ്റ് അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുന്നത്. ഈ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് തദ്ദേശസ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ നിലവിൽ വരുന്നു. അടുത്ത അഞ്ചുവർഷം ഈ ഭരണസമിതിക്ക് കാലാവധി ഉണ്ടായിരിക്കും.

## അധ്യക്ഷന്മാരുടെ തെരഞ്ഞെടുപ്പ് – പ്രസിഡന്റ്/വൈസ് പ്രസിഡന്റ് /മേയർ/ ചെയർമാൻ /ചെയർപേഴ്സൺ തെരഞ്ഞെടുപ്പ്

തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ പ്രസിഡന്റ് /വൈസ് പ്രസിഡന്റ് / ചെയർപേഴ്സൺ/മേയർ തെരഞ്ഞെടുപ്പ് നടക്കുന്നു. അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് വരണാധികാരി രേഖാമൂലം രജിസ്റ്റേഡ് കത്ത് അയയ്ക്കുകയും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. അധ്യക്ഷസ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നതിനുമുൻപേ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും അവരുടെ രാഷ്ട്രീയകക്ഷിബന്ധം ഔദ്യോഗികമായി രജിസ്റ്ററിൽ രേഖപ്പെടുത്തി നൽകണം. ആ രജിസ്റ്റർ സൂക്ഷിക്കുന്നത് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാരായിരിക്കും.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അധ്യക്ഷ തെരഞ്ഞെടുപ്പുകൾ പൂർണ്ണമായും ഓപ്പൺ ബാലറ്റ് സംവിധാനത്തിലൂടെയാണ് നടക്കുന്നത്. രഹസ്യ ബാലറ്റ് ഇവിടെ അനുവദനീയമല്ല. അധ്യക്ഷ പദവിയിലേക്കുള്ള തെരഞ്ഞെടുപ്പ് പൂർത്തിയായാൽ



വരണാധികാരി മുമ്പാകെ അധ്യക്ഷൻ സത്യപ്രതിജ്ഞ ചെയ്ത് രജിസ്റ്ററിൽ ഒപ്പുവച്ച് അധികാരമേൽക്കുന്നു. ഉപാധ്യക്ഷന്റെ കാര്യത്തിൽ സത്യവാചകം ചൊല്ലിക്കൊടുക്കുന്നത് അധ്യക്ഷനായിരിക്കും.

## സ്ഥാനാർത്ഥികളുടെ വരവ്-ചെലവ് കണക്ക് സമർപ്പിക്കൽ

സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് ചെലവുകൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് സ്ഥാനാർത്ഥികൾക്ക് അവരുടെ പ്രചാരണങ്ങൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുകകൾ ഇപ്രകാരമാണ്:

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | – | 25000/- |
| ബ്ലോക്ക് പഞ്ചായത്ത് | – | 75000/- |
| ജില്ലാപഞ്ചായത്ത് | – | 1,50,000/- |
| മുനിസിപ്പാലിറ്റി | – | 75000/- |
| കോർപ്പറേഷൻ | – | 1,50,000/- |

തെരഞ്ഞെടുപ്പിനു ശേഷം എല്ലാ സ്ഥാനാർത്ഥികളും വരവു-ചെലവ് കണക്കുകൾ നിശ്ചിതഫോറത്തിൽ സമർപ്പിക്കണം. മുൻ തെരഞ്ഞെടുപ്പുകളിൽ നിന്ന് വ്യത്യസ്തമായി, അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കാണ് ഈ തെരഞ്ഞെടുപ്പു മുതൽ ഇത് സമർപ്പിക്കേണ്ടത്. തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം വരുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഈ നടപടി പൂർത്തീകരിക്കണം. നിശ്ചിത സമയത്തിനുള്ളിൽ വരവു -ചെലവ് കണക്കുകൾ സമർപ്പിക്കാത്തവർക്ക് തെരഞ്ഞെടുപ്പുകളിൽ അയോഗ്യത വരാൻ ഇതൊരു കാരണമായിരിക്കും.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതോടെ മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വരും. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വരണാധികാരി അതിലെ ഓരോ വാർഡും / ഡിവിഷനും ഓരോ നിയോജകമണ്ഡലമായി പരിഗണിച്ച് വെവ്വേറെ വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പത്രിക ആർക്ക് സമർപ്പിക്കണം, ആ ഓഫീസിന്റെ വിലാസം, സൂക്ഷ്മപരിശോധന നടക്കുന്ന സ്ഥലം, പോളിംഗ് സ്റ്റേഷനുകളുടെ വിവരങ്ങൾ, വോട്ടെണ്ണൽ കേന്ദ്രത്തിന്റെ വിവരങ്ങൾ തുടങ്ങിയവ വിജ്ഞാപനത്തിന്റെ ഭാഗമാണ്. വരണാധികാരിയുടെയും ഉപവരണാധികാരിയുടെയും ഓഫീസുകളിലെ നോട്ടീസ് ബോർഡിലും അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും വിജ്ഞാപനങ്ങൾ പ്രസിദ്ധപ്പെടുത്തും. വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ നോമിനേഷൻ നടപടികൾ ആരംഭിക്കുന്നു.

ത്രിതലപഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തിലെ വാർഡടിസ്ഥാനത്തിലാണ് വോട്ടർ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഒരു പഞ്ചായത്തിലെ വോട്ടർക്ക് അയാളുടെ ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിൽ സ്ഥാനാർത്ഥിയായി മത്സരിക്കാൻ സാധിക്കും. പഞ്ചായത്തിൽ എവിടെ വേണമെങ്കിലും സംവരണതത്ത്വങ്ങൾക്ക് വിധേയമായി മത്സരിക്കാം. മുനിസിപ്പാലിറ്റി /കോർപ്പറേഷൻ വോട്ടർക്ക് അതത് മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലുള്ള ഏത് വാർഡിലും സംവരണതത്ത്വം പാലിച്ച് മത്സരിക്കാം. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വോട്ടർമാർക്ക്

ത്രിതലപഞ്ചായത്തിൽ മത്സരിക്കാൻ സാധിക്കില്ല, തിരിച്ചും.

വോട്ടർ പട്ടികയിൽ പേരുള്ള, 21 വയസ്സുള്ള ഏതൊരു പൗരനും അയാളുടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ (സംവരണതത്ത്വങ്ങൾക്ക് വിധേയമായി) മത്സരിക്കാം. ഒരാൾക്ക് ഒന്നിലധികം മണ്ഡലങ്ങളിൽ മത്സരിക്കാൻ കഴിയില്ല. സ്ഥാനാർത്ഥി അയാൾ മത്സരിക്കുന്ന മണ്ഡലത്തിലെ വോട്ടർ അല്ലെങ്കിൽ, തന്റെ പേരുൾപ്പെട്ട വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് സമർപ്പിക്കണം.

സ്ഥാനാർത്ഥി നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതോടൊപ്പം ഒരു സത്യപ്രതിജ്ഞ /ദൃഢപ്രതിജ്ഞ എടുക്കുകയും അതിന്റെ സാക്ഷ്യപത്രം പത്രികയോടൊപ്പം ഉൾപ്പെടുത്തുകയും ചെയ്യണം. രോഗം ബാധിച്ച് ആശുപത്രിയിൽ അഡ്മിറ്റ് ആയ സ്ഥാനാർത്ഥിക്കുവേണ്ടി മറ്റൊരാൾ നാമനിർദ്ദേശ പത്രിക സമർപ്പിക്കുമ്പോൾ സ്ഥാനാർഥി ആശുപത്രി സൂപ്രണ്ട് മുമ്പാകെ പ്രതിജ്ഞ ചെയ്ത് സാക്ഷ്യപത്രം ഹാജരാക്കണം. വിദേശത്ത് ആണെങ്കിൽ എംബസി പ്രതിനിധിയും ജയിലിലാണെങ്കിൽ ജയിൽ സൂപ്രണ്ടും നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കണം. മറ്റ് സാഹചര്യങ്ങളിൽ ഏതെങ്കിലും സർക്കാർ ഗസറ്റഡ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം മതിയാകും. ഈ സാക്ഷ്യപത്രങ്ങൾ സൂക്ഷ്മപരിശോധനാദിവസത്തിനു മുമ്പ് എത്തിച്ചിരിക്കണം.

## നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ:

പത്രിക (ഫോം 2)

ക്രിമിനൽ പശ്ചാത്തലവും സ്വത്തുവിവരവും രേഖപ്പെടുത്തുന്ന ഫോറം (ഫോം 2A)

സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കിയ രേഖ

സത്യപ്രതിജ്ഞ /ദൃഢപ്രതിജ്ഞ സാക്ഷ്യപത്രം

വോട്ടർപട്ടികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ആവശ്യമെങ്കിൽ മാത്രം)

ജാതിസർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ മാത്രം)

അംഗീകൃത രാഷ്ട്രീയകക്ഷിയുടെ സ്ഥാനാർത്ഥിയാണെങ്കിൽ ചിഹ്നം അനുവദിക്കാനുള്ള ഓതറൈസേഷൻ.

ഫോം N42 (കെട്ടിവെച്ച തുക തിരികെ ലഭിക്കാനുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ)

ലഭിക്കുന്ന നാമനിർദ്ദേശ പത്രികകൾ തീയതിയും സമയവും രേഖപ്പെടുത്തിയാണ് വരണാധികാരിയും ഉപവരണാധികാരിയും സ്വീകരിക്കേണ്ടത്. ഒരു സ്ഥാനാർത്ഥിക്ക് മൂന്നു സെറ്റ് പത്രികകൾ വരെ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ ഒരാൾക്കുവേണ്ടി ഒന്നിലധികം നാമനിർദ്ദേശപത്രികകൾ സമർപ്പിക്കപ്പെടുകയാണെങ്കിൽ അവ ഓരോന്നും വെവ്വേറെ കൈകാര്യം ചെയ്യേണ്ടതും വെവ്വേറെ ക്രമനമ്പറുകൾ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരം സാഹചര്യങ്ങളിൽ സത്യപ്രതിജ്ഞാസാക്ഷ്യപത്രം ഒന്നു മതിയാകും.

ഓഫീസിൽ ഓരോ വാർഡിനും (മണ്ഡലത്തിനും) വെവ്വേറെ നോമിനേഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം. ഫോം 3 മാതൃക ഇതിനായി ഉപയോഗിക്കാം. നോമിനേഷൻ അവസാനിക്കുന്ന ദിവസം വരെ ഓരോ ദിവസവും ലഭിക്കുന്ന നോമിനേഷനും ഫോം N3 യിൽ തയ്യാറാക്കി അതോടൊപ്പം ലഭിച്ച നോമിനേഷനുകളിൽ സമർപ്പിക്കപ്പെട്ട ഫോം 2Aയുടെ പകർപ്പുകൾ ഉൾപ്പെടെ വരണാധികാരി പ്രസിദ്ധീകരിക്കണം. ഇപ്രാവശ്യം മുതൽ ഇവ നോമിനേഷൻ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിൽ കൂടി അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്.

**വോട്ടർ പട്ടികയിൽ പേരുള്ള, 21 വയസ്സുള്ള ഏതൊരു പൗരനും അയാളുടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ (സംവരണതത്ത്വങ്ങൾക്ക് വിധേയമായി) മത്സരിക്കാം. ഒരാൾക്ക് ഒന്നിലധികം മണ്ഡലങ്ങളിൽ മത്സരിക്കാൻ കഴിയില്ല.**

മറ്റൊരു നിയോജകമണ്ഡലത്തിലെ വോട്ടറായ സ്ഥാനാർത്ഥി ആ മണ്ഡലത്തിലെ വോട്ടർ പട്ടികയോ പട്ടികയിലെ പ്രസക്തഭാഗം സാക്ഷ്യപ്പെടുത്തിയ രേഖയോ സമർപ്പിച്ചിട്ടില്ലെങ്കിൽ സൂക്ഷ്മ പരിശോധനാവേളയിൽ അത് ഹാജരാക്കാൻ ഫോം N-1 മാതൃകയിൽ കത്ത് നൽകാം. സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞാ സാക്ഷ്യപത്രം ഇല്ലെങ്കിൽ ഫോം N 2 മാതൃകയിൽ സാക്ഷ്യപത്രം ഹാജരാക്കാൻ നിർദ്ദേശം നൽകണം.

തദ്ദേശസ്വയംഭരണസ്ഥാപനതെരഞ്ഞെടുപ്പിൽ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാരും ഉപവരണാധികാരികൾ ആണ്.

(തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരനാണ് ലേഖകൻ)

ടി. ഷാഹുൽ ഹമീദ്

# തദ്ദേശ തെരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കണം

2025 ഡിസംബർ 9,11 എന്നീ തീയതികളിൽ നടക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഹരിത ചട്ടം പാലിച്ചായിരിക്കണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും കലക്ടറുടെ നേതൃത്വത്തിലുള്ള ടീം ഹരിതചട്ടം സെൽ രൂപീകരിച്ചാണ് ഹരിതചട്ടം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

തെരഞ്ഞെടുപ്പു കമ്മീഷന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രചാരണം, അലങ്കാരം, സ്ഥാനാർത്ഥി സ്വീകരണം എന്നിവയ്ക്കായി നിരോധിത വസ്തുക്കൾ ഉപയോഗിക്കുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും നിയമലംഘനം ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സിംഗിൾ വാട്ട്സ്ആപ്പ് നമ്പർ പ്രസിദ്ധപ്പെടുത്തണം. പിടിച്ചെടുക്കുന്ന നിരോധിതവസ്തുക്കൾ സൂക്ഷിക്കുവാൻ എം.സി.എഫ് (മെറ്റീരിയിൽ കലക്ഷൻ ഫെസിലിറ്റി) സെന്ററിൽ പ്രത്യേക സംവിധാനം ഉണ്ടാക്കണം. തെരഞ്ഞെടുപ്പ് പരിശീലന കേന്ദ്രങ്ങൾ, പോളിംഗ് ബൂത്തുകൾ, വിതരണ കേന്ദ്രങ്ങൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും പൊതുസ്ഥലങ്ങളിലും ഹരിതചട്ടം പാലിക്കുന്നതിന് രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിളിച്ചുചേർക്കണം.

മാലിന്യം കുറക്കുന്നതിനും പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വേണ്ടിയുള്ള പെരുമാറ്റച്ചട്ടമാണ് ഹരിതചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ). ഒറ്റത്തവണ ഉപയോഗവസ്തുക്കൾ, പ്ലാസ്റ്റിക് കുപ്പികൾ, പ്ലേറ്റുകൾ ഡിസ്പോസിബിൾ ഗ്ലാസ്സുകൾ തുടങ്ങിയവയുടെ ഉപയോഗം ഒഴിവാക്കുക, സ്റ്റീൽ പാത്രങ്ങൾ വാഴയില, തുണിസഞ്ചി എന്നിവ ഉപയോഗിക്കുക, മാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കുക, അഴുകുന്ന മാലിന്യം (ജൈവം), അഴുകാത്ത മാലിന്യം (അജൈവമാലിന്യം) എന്നിവ തരംതിരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കുക എന്നിവ ഹരിതചട്ടത്തിന്റെ ഭാഗമാണ്. റാലികളും സമ്മേളനങ്ങളും കഴിഞ്ഞാൽ പൊതുസ്ഥലങ്ങൾ വൃത്തിയാക്കാനും പാഴ്വസ്തുക്കൾ സമാഹരിച്ച് ഹരിതകർമ്മസേനക്ക് യൂസർഫീ നൽകി കൈയൊഴിയാനും രാഷ്ട്രീയപാർട്ടികൾക്ക് ഉത്തരവാദിത്വമുണ്ട്.

ഇലക്ഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥലങ്ങളിലും പാഴ്വസ്തുബിന്നുകൾ സൂക്ഷിക്കുകയും ബിന്നുകളിൽ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ യഥാസമയം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനയുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യണം. ഭക്ഷണത്തിനായി ഗ്രീൻ പാക്കിങ്ങ് ഉപ






യോഗിക്കണം. വാഴയിലയിലോ പുനരുപയോഗിക്കാവുന്ന പാത്രങ്ങളിലോ മാത്രമേ പോളിംങ് ഉദ്യോഗസ്ഥർക്കും ഏജന്റുമാർക്കും ഭക്ഷണം നൽകാവു. ഇതിന് കുടുംബശ്രീയുടെ സേവനം ഉപയോഗപ്പെടുത്താം.

വോട്ടെടുപ്പ് അവസാനിച്ചാൽ രാഷ്ട്രിയപാർട്ടികൾ അവരുടെ പ്രചാരണസാമഗ്രികൾ ശേഖരിച്ച് ഹരിത കർമ്മ സേനക്ക് യൂസർഫീ നൽകി കൈമാറണം.

തിരഞ്ഞെടുപ്പ് ബോർഡുകൾ, ബാനറുകൾ, പ്ലാസ്റ്റിക് കൊടിതോരണങ്ങൾ, പ്ലാസ്റ്റിക് പേപ്പറുകൾ, റിബണുകൾ, നൂലുകൾ എന്നിവയിൽ ഒറ്റത്തവണമാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായി ഒഴിവാക്കണം. പ്രചാരണസാമഗ്രികൾക്കായി പുനരുപയോഗിക്കാൻ കഴിയുന്നതും മണ്ണിൽ അലിഞ്ഞു ചേരുന്നതുമായ പരിസ്ഥിതിസൗഹൃദവസ്തുക്കൾ മാത്രം ഉപയോഗിക്കുക. കോട്ടൺതുണി, പേപ്പർ, പോളിഎത്തലീൻ, പ്രകൃതിദത്തമായ ചായങ്ങൾ ഉപയോഗിച്ചുള്ള പ്രിന്റിങ് എന്നിവ ഉപയോഗിക്കാം.

വിതരണകേന്ദ്രങ്ങൾ, സംഭരണകേന്ദ്രങ്ങൾ, പോളിംങ് ബൂത്തുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 710 രൂപ പ്രതിദിനവേതനം നൽകി ഹരിതകർമ്മസേനാ അംഗങ്ങളുടെ സേവനം ഉപയോഗിക്കാം. രാഷ്ട്രീയപാർട്ടികൾ സ്ഥാനാർത്ഥികൾ എന്നിവർ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ പോസ്റ്ററുകൾ എന്നിവയിൽ പി.വി.സി, ഫ്ളക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിംഗുള്ള തുണി തുടങ്ങിയ പ്ലാസ്റ്റിക്കിന്റെ അംശമോ പ്ലാസ്റ്റിക് കോട്ടിംഗോ ഉള്ള പുനഃചക്രമണം സാധ്യമല്ലാത്ത എല്ലാത്തരം സാമഗ്രികളും ഒഴിവാക്കണം. 100 % കോട്ടൺ പോളിഎത്തിലിൻ , പുനഃചക്രമണം ചെയ്യാൻ കഴിയുന്ന പരിസ്ഥിതി സൗഹൃദവസ്തുക്കൾ എന്നിവ ഉപയോഗിക്കാം.

(തദ്ദേശസ്വയംഭരണ വകുപ്പിൽ
ഇന്റേണൽ വിജിലൻസ് ഓഫീസറാണ് ലേഖകൻ)

**വിതരണകേന്ദ്രങ്ങൾ, സംഭരണകേന്ദ്രങ്ങൾ, പോളിംങ് ബൂത്തുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 710 രൂപ പ്രതിദിനവേതനം നൽകി ഹരിതകർമ്മസേനാ അംഗങ്ങളുടെ സേവനം ഉപയോഗിക്കാം.**



സുബൈർ അരിക്കുളം

# കേരളത്തിലെ ഭരണഭാഷ: ചരിത്രവും വർത്തമാനവും

ഒരു ദേശത്തെ നിയമനിർമ്മാണ സഭകളും, നീതിന്യായ സംവിധാനവും, ഉദ്യോഗസ്ഥ വൃന്ദവും ഉപയോഗിക്കുന്ന ഭാഷയാണ് അതിന്റെ ഭരണ ഭാഷ. അവിടങ്ങളിൽ നിന്ന് സാധാരണക്കാരന് ലഭിക്കുന്ന ഉത്തരവുകളും സേവനങ്ങളും മാതൃഭാഷയിലാവുന്നത് ജനാധിപത്യം ശക്തമായി നിലനിൽക്കുന്നതിന്റെ അടയാളമാണ്. കേരളത്തിൽ നിയമസഭയും സർക്കാർ ഓഫീസുകളും ഒരു പരിധി വരെ ജനങ്ങളുടെ ഭാഷയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. പക്ഷേ കോടതി നടപടികൾ ഇപ്പോഴും സാധാരണക്കാരന്റെ ഭാഷയിൽ ആയിട്ടില്ല. നിയമനിർമ്മാണ സഭയും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളും കോടതികളും ജനങ്ങളുമായി മലയാളത്തിൽ ആശയവിനിമയം നടത്തുമ്പോഴാണ് ഭരണഭാഷ പൂർണ്ണമായും മലയാളമാവുന്നത്.

ഭരണവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ജനങ്ങളുടെ ഭാഷയിൽ നിന്നു മാറിനിൽക്കുന്നത് ജനാധിപത്യ സംവിധാനത്തോടുള്ള പരിഹാസമാണ്. ജനങ്ങളാൽ ജനങ്ങൾക്കു വേണ്ടിയുള്ള ജനങ്ങളുടെ ഭരണം ജനങ്ങളുടെ ഭാഷയിലാവണം. ജനങ്ങളുടെ ഭാഷയിൽത്തന്നെ ആശയവിനിമയം നടത്തുന്ന രീതിയിലേക്ക് സർക്കാർ സംവിധാനങ്ങൾ മാറണം.

ഐക്യരാഷ്ട്രസഭയിൽ അംഗത്വമുള്ള 193 രാജ്യങ്ങളിൽ 178-നും ഒന്നോ അതിൽ കൂടുതലോ ഭരണഭാഷകൾ ഉണ്ട്. പാർലമെന്ററി ജനാധിപത്യം അംഗീകരിച്ച ഇന്ത്യയിൽ കേന്ദ്രസർക്കാറിന്റെ ഭരണഭാഷ ഹിന്ദിയും ഇംഗ്ലീഷുമാണ്. ഫെഡറൽ രാഷ്ട്രീയ ഘടനയിൽ പ്രവർത്തിക്കുന്ന നമ്മുടെ രാജ്യത്ത് ദേശീയ ഭാഷയ്ക്കുള്ള സ്ഥാനം പ്രാദേശിക ഭാഷകൾക്കുമുണ്ട്. ഔദ്യോഗിക ഭാഷകളുടെ കാര്യത്തിൽ ഭരണഘടന സംസ്ഥാനങ്ങൾക്ക് ഏറെക്കുറെ പൂർണ്ണമായ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ 17-ാം ഭാഗത്ത് 4



അധ്യായങ്ങളിൽ 9 അനുച്ഛേദങ്ങളിലായി ഔദ്യോഗിക ഭാഷാ നയം വ്യക്തമാക്കിയിരിക്കുന്നു. ഒരു സംസ്ഥാനത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് പൂർണ്ണമായോ ഭാഗികമായോ ഒരു ഭാഷയോ ഒന്നിലധികം ഭാഷകളോ ഉപയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ ആ സംസ്ഥാനത്തെ നിയമസഭയ്ക്ക് അധികാരം നൽകുന്നതാണ് ആ ഭാഗം. അനുച്ഛേദം 346 അനുസരിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള വിനിമയ ഭാഷ ഇംഗ്ലീഷ് ആയിരിക്കും. കൂടാതെ അനുച്ഛേദം 347-ൽ ന്യൂനപക്ഷ ഭാഷകളുടെ സംരക്ഷണം സംബന്ധിച്ചുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിരിക്കുന്നു. (കേരളത്തിൽ തമിഴും കന്നടയും ന്യൂനപക്ഷ ഭാഷകളായി അംഗീകാരം നേടിയിട്ടുണ്ട്.) സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ഭാഷ ഇംഗ്ലീഷ് ആയിരിക്കണമെന്ന് അനുച്ഛേദം 348 വ്യക്തമാക്കുന്നു. കൂടാതെ പാർലമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ, ചട്ടങ്ങൾ, റെഗുലേഷനുകൾ തുടങ്ങിയവയുടെ ഭാഷയും ഇംഗ്ലീഷ് ആയിരിക്കണം. എന്നാൽ ഹൈക്കോടതികളിൽ വിധി, കൽപ്പന അഥവാ ഡിക്രി എന്നിവ ഇറക്കുന്നതിൽ ഒഴികെ മറ്റുകാര്യങ്ങളിൽ അതത് പ്രാദേശിക ഭാഷകളും ഉപയോഗിക്കാൻ രാഷ്ട്രപതിയിൽ നിന്ന് അനുമതി വാങ്ങാവുന്നതാണ്.

സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ഭാഷ ഇംഗ്ലീഷ് ആയിരിക്കണമെന്ന വ്യവസ്ഥ 15 വർഷത്തിനു ശേഷം പുനഃപരിശോധിക്കണമെന്ന് അനുച്ഛേദം 349 നിഷ്കർഷിക്കുന്നത് ഇന്ന് വായിക്കുമ്പോൾ കൗതുകകരമായി തോന്നാം. കീഴ്ക്കോടതി വ്യവഹാരങ്ങൾ അതത് പ്രദേശങ്ങളുടെ ഭാഷയിലായിരിക്കണം എന്നതിൽ ഭരണഘടനാ നിർമാതാക്കൾക്ക് യാതൊരു സംശയവുമില്ലായിരുന്നു. ഹൈക്കോടതിക്കു കീഴിലുള്ള കുടുംബ കോടതികൾ ഉൾപ്പെടെയുള്ള ജില്ലാ കോടതികൾ, മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ് കോടതികൾ, ഗ്രാമീണ ന്യായാലയങ്ങൾ, വിവിധ അർദ്ധനീതിന്യായ പീഠങ്ങൾ തുടങ്ങി ജനങ്ങൾ പരാതി പരിഹാരത്തിനായി

**ഫെഡറൽ രാഷ്ട്രീയ ഘടനയിൽ പ്രവർത്തിക്കുന്ന നമ്മുടെ രാജ്യത്ത് ദേശീയ ഭാഷയ്ക്കുള്ള സ്ഥാനം പ്രാദേശിക ഭാഷകൾക്കുമുണ്ട്. ഔദ്യോഗിക ഭാഷകളുടെ കാര്യത്തിൽ ഭരണഘടന സംസ്ഥാനങ്ങൾക്ക് ഏറെക്കുറെ പൂർണ്ണമായ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.**

എത്തുന്ന മിക്ക മേഖലകളിലും മാതൃഭാഷയിൽ തന്നെ നടപടിക്രമങ്ങളും ഉത്തരവും ഉണ്ടാവണമെന്നാണ് ഭരണഘടന വിവക്ഷിച്ചത്. 2019-ലെ കണക്കുപ്രകാരം കേരളത്തിലാകെ 470 കീഴ്ക്കോടതികളാണുള്ളത്. ഇവ കൂടാതെ 28 പോക്സോ കോടതികളും നിലവിൽ വന്നു. അതോടൊപ്പം ബാലനീതി ബോർഡ്, ബാലക്ഷേമ കമ്മിറ്റി തുടങ്ങി വിവിധ അർദ്ധനീതിന്യായ സംവിധാനങ്ങളും നിലവിലുണ്ട്.

1498-ൽ വാസ്കോഡഗാമ കോഴിക്കോട് കപ്പലിറങ്ങിയതിനു ശേഷം പടിപടിയായി ശക്തിപ്പെട്ട



യൂറോപ്യൻ സ്വാധീനം ബ്രിട്ടീഷ് അധിനിവേശത്തോടെ ഇന്ത്യയുടെ രാഷ്ട്രീയ-സാംസ്കാരിക-സാമ്പത്തിക രംഗങ്ങളിൽ സമഗ്രാധിപത്യമായി മാറുകയായിരുന്നു. ഇന്ന് കേരളമായറിയപ്പെടുന്ന പ്രദേശങ്ങളെല്ലാം നേരിട്ടോ അല്ലാതെയോ ബ്രിട്ടീഷുകാർ നിയന്ത്രണത്തിലാക്കി. എന്നാൽ അക്കാലത്തും ഭരണനടപടികൾ പൂർണ്ണമായും ഇംഗ്ലീഷിലേക്ക് മാറിയിരുന്നില്ലെന്നാണ് പഴശ്ശിരേഖകളും തലശ്ശേരി രേഖകളും ക്ഷേത്രപ്രവേശന വിളംബരവുമെല്ലാം കാണിക്കുന്നത്.

ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനത്തിൽ ഇംഗ്ലീഷ് ഭാഷ മാന്യതയുടെ അടയാളമായി മാറി. സംസ്കൃതത്തിന് സമൂഹത്തിലുണ്ടായിരുന്ന വരേണ്യ സ്ഥാനം ഇംഗ്ലീഷുമായി പങ്കുവെയ്ക്കപ്പെടാൻ തുടങ്ങി. മെല്ലെ മെല്ലെ ദേവനാഗരിയെ ഇംഗ്ലീഷ് മറികടക്കുന്നതാണ് പിന്നീട് കാണുന്നത്. ഈ വരേണ്യബോധം ഭരണമണ്ഡലത്തെ നിയന്ത്രിച്ചു തുടങ്ങിയത് ഭരണനടപടികളുടെ ഭാഷ ഇംഗ്ലീഷായി തീരുന്നതിന് കാരണമായി. എന്നാൽ ബഹുഭൂരിപക്ഷം നോട്ടുകളും എഴുത്തുകുത്തുകളും ഉത്തരവുകളും മലയാളത്തിലാണ് അന്നും ലഭിച്ചു കൊണ്ടിരുന്നത്. മലയാളഭാഷയെ മുൻനിർത്തിയുള്ള രാഷ്ട്രീയ ബോധം നിർമ്മിക്കാൻ നവോത്ഥാന-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശ്രമിച്ചത് മലയാളത്തെ ജനകീയമായി ശക്തിപ്പെടുത്തുന്നതിന് സഹായകമായി. മലയാള ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണം എന്ന ആശയം ജനങ്ങളുടെ മനസ്സിനുള്ളിൽ പാകി മുളപ്പിക്കുന്നതിൽ ഐക്യകേരള പ്രസ്ഥാനം പ്രധാന പങ്ക് വഹിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ ഭാഷാ അടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം ആദ്യഘട്ടത്തിൽ എതിർക്കപ്പെട്ടിരുന്നു. തുടർന്ന് തെലുങ്ക് ഭാഷയെ അടിസ്ഥാനമാക്കി ആന്ധ്രാ സംസ്ഥാന രൂപീകരണത്തിനായി സമരം തുടങ്ങുകയും പോറ്റി ശ്രീരാമലു എന്ന സ്വാതന്ത്ര്യസമര സേനാനി സത്യഗ്രഹ സമരത്തിൽ രക്തസാക്ഷിയാവുകയും ചെയ്തതിനെ തുടർന്നാണ് സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ രൂപീകരിക്കപ്പെടുന്നത്. 1956-ൽ കേരളം ഉൾപ്പെടെ 16 സംസ്ഥാനങ്ങൾ രൂപം കൊണ്ടത് ഫാസൽ അലി കമ്മീഷന്റെ ശിപാർശയെ തുടർന്നായിരുന്നു. മലയാള ഭാഷ സംസാരിക്കുന്ന ഒന്നരക്കോടി ജനതയുടെ സ്വപ്നമായിരുന്നു ആ നവംബർ ഒന്നിന് പൂവണിഞ്ഞത്.

1957 ഏപ്രിൽ അഞ്ചിന് കേരളത്തിൽ ആദ്യത്തെ ജനാധിപത്യ സർക്കാർ അധികാരമേറ്റു. ആ സർക്കാറിന്റെ നയസമീപനങ്ങളെ വിശദമാക്കിക്കൊണ്ട് മന്ത്രിസഭയുടെ തലവനായ ഇ.എം.എസ്. പുറത്തിറക്കിയ പ്രസ്താവനയിൽ ഭരണ-വിദ്യാഭ്യാസ മേഖലകളിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ഭാഷാനയം ഇങ്ങനെ വ്യക്തമാക്കി: 'സ്റ്റേറ്റ് നിയമസഭയുടെയും സെക്രട്ടേറിയറ്റിന്റെയും നടപടികളടക്കമുള്ള ഭരണകാര്യങ്ങളും സർവകലാശാലയടക്കമുള്ള വിദ്യാഭ്യാസവും മലയാളഭാഷയിലാക്കുക എന്നതാണ് സർക്കാർ നയം'. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഭരണം മാതൃഭാഷയിലാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 1957 ആഗസ്റ്റ് 31-ന് കോമാട്ടിൽ അച്യുതമേനോൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ഡോ. കെ. ഭാസ്കരൻ നായർ, കെ. ദാമോദരൻ, പി.ടി. ഭാസ്കരപ്പണിക്കർ, എൽ.സി. ഐസക്ക് എന്നിവരായിരുന്നു









കമ്മിറ്റി അംഗങ്ങൾ. 1958 ആഗസ്റ്റ് പതിനാറാം തീയതി കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു.

ഭാവിയിൽ ഉയർന്നു വരാവുന്ന തടസ്സവാദങ്ങളെല്ലാം പരിഗണിച്ചു കൊണ്ടും ഖണ്ഡിച്ചു കൊണ്ടുമാണ് കോമാട്ടിൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയത്. ബ്രിട്ടീഷുകാർ ഭരിച്ച കാലത്തുപോലും ഭരണ നടപടികൾ പൂർണ്ണമായും ഇംഗ്ലീഷിലായിരുന്നില്ല. ഇംഗ്ലീഷിന്റെ ഭാഷാപരവും സാംസ്കാരികവുമായ മേൽക്കോയ്മ അംഗീകരിക്കുന്ന/അംഗീകരിപ്പിക്കുന്ന സമീപനങ്ങൾ നിലനിന്നിരുന്നു എന്നത് ശരിയാണെങ്കിലും ഹജൂർ കച്ചേരികളിലെയും വില്ലേജുകളിലെയും മലയാളത്തിലുള്ള രേഖകൾ ഭരണപരമായ കാര്യങ്ങൾക്ക് മലയാളം ഉപയോഗിച്ചിരുന്നു എന്നതിന്റെ തെളിവാണെന്നും കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഭരണത്തിന്റെ കേന്ദ്രം ഇംഗ്ലീഷായിരുന്നു. അത് മാന്യതയുടെയും ഔന്നത്യത്തിന്റെയും അടയാളമായി നിലനിന്നിരുന്നു. അതുകൊണ്ടാണ് മലയാളത്തിൽ ചിന്തിച്ച് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യണമെന്ന നിലയിലേക്ക് നമ്മുടെ ഭരണരംഗം മാറിയത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

മലയാളത്തിൽ ചിന്തിച്ച് തെളിമലയാളത്തിൽ ഭരണനടപടികൾ കൈകാര്യം ചെയ്യുകയാണ് വേണ്ടതെന്നാണ് കോമാട്ടിൽ കമ്മിറ്റി പ്രകടിപ്പിച്ച അഭിപ്രായം. “ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം, ഏതു വിഷയം അധികരിച്ചുള്ളതായാലും, ജനങ്ങളുടെ ഭാഷയിൽ വേണമെന്നുള്ളത് നിർവിവാദമായ സംഗതിയാണ്' എന്ന് കമ്മിറ്റി റിപ്പോർട്ട് വ്യക്തമാക്കുന്നു.

കോടതിഭാഷയുടെ കാര്യത്തിൽ കോമാട്ടിൽ കമ്മിറ്റി എടുത്ത നിലപാട് വ്യത്യസ്തമായിരുന്നു. “വിധിന്യായങ്ങൾ പ്രസ്താവിക്കപ്പെടുമ്പോൾ തന്നെ തത്പരകക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം മലയാളത്തിൽ തർജ്ജമ ചെയ്തു കൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ എല്ലാ കോടതികളിലും ഉണ്ടായിരിക്കണം''. കൂടാതെ അച്ചെഴുത്ത്, ചുരുക്കെഴുത്ത് എന്നിവ ഭരണഭാഷക്കനുസൃതമായി പരിഷ്കരിക്കണം എന്നും കമ്മിറ്റി നിർദ്ദേശിച്ചു. എന്നാൽ, പ്രായോഗിക നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് തുടർന്നുണ്ടായ ഏഴ് വർഷം നടപടികളൊന്നുമില്ലാതെ സെക്രട്ടേറിയേറ്റിന്റെ അലമാരയിലായി.

1965 മേയ് 5-ാം തീയതി ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന് മലയാറ്റൂർ രാമകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചതോടുകൂടിയാണ് വീണ്ടും ഈ വിഷയം സജീവമായത്. ഇതോടെ ഭരണഭാഷാമാറ്റ പ്രവർത്തനത്തിനുള്ള സർക്കാർ നിർദ്ദേശങ്ങൾ പുറത്തുവന്നു. 1965 ഒക്ടോബർ 19-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, സഹകരണം, ഹരിജനക്ഷേമം, റവന്യു, എക്സൈസ്, പൊതുവിതരണം, വനം, അളവുതൂക്കങ്ങൾ എന്നീ വകുപ്പുകളിലും 1966 ഏപ്രിൽ 19-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ രജിസ്ട്രേഷൻ, ജയിൽ, നാട്ടുചികിത്സ, ഹിന്ദുമത ധർമ്മ സ്ഥാപനങ്ങൾ, വിദ്യാഭ്യാസം, സർവെയും ലാന്റ് റെക്കോർഡ്സും തുടങ്ങിയ വകുപ്പുകളിലും മലയാളം

ഉപയോഗിക്കാൻ ഉത്തരവുണ്ടായി. നടപടികൾ മലയാളത്തിലാക്കുന്നതിന് സ്വീകരിക്കേണ്ട പ്രായോഗിക സമീപനങ്ങൾ ഈ ഉത്തരവിൽ വിശദമായി നിർദ്ദേശിക്കുകയും ചെയ്തു. (വിശദമായ ഈ ഉത്തരവും ഇംഗ്ലീഷിലായിരുന്നു.) മലയാളത്തിൽ കിട്ടുന്ന കത്തുകൾക്ക് മലയാളത്തിൽ മറുപടി നൽകുക എന്നതിൽ കവിഞ്ഞ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ ഈ ഘട്ടത്തിൽ തൃപ്തികരമായ പുരോഗതിയൊന്നും ഉണ്ടായില്ല.

മലയാളം ഭരണഭാഷയാക്കാനുള്ള പ്രധാന തടസ്സമായി നിന്നത് മലയാള അച്ചെഴുത്ത് യന്ത്രങ്ങളുടെ അഭാവവും മലയാള ലിപിയുടെ വൈവിധ്യവും ആയിരുന്നു. അച്ചെഴുത്ത് യന്ത്രങ്ങൾക്കനുകൂലമായി ഭാഷയെ മാറ്റിയെടുക്കുക എന്നത് "ആകാശത്തിന് വേരുമുളയ്ക്കുന്നതു പോലെയായിരിക്കും" എന്നുവരെ ഭരണസിരാകേന്ദ്രത്തിൽ സംസാരമുണ്ടായി. 1967-ൽ ശൂരനാട് കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിൽ നിലവിൽ വന്ന സമിതിയും 1970-ൽ കെ. ഭാസ്കരൻ നായർ അധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയും ഇതിന് പരിഹാരമുണ്ടാക്കി. 1971-ൽ മലയാളം ചുരുക്കെഴുത്ത് ലഘു ഗ്രന്ഥം വികസിപ്പിക്കുന്നതിന് എ.കെ. രാമകൃഷ്ണൻ നായർ അധ്യക്ഷനായി രൂപീകരിച്ച നാലംഗസമിതിയും സജീവമായി പ്രവർത്തിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ ഡയറക്ടർ എൻ.വി കൃഷ്ണവാര്യരും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ഈ കാര്യത്തിൽ നൽകിയ സംഭാവനകൾ എടുത്തു പറയണം. പരിഷ്കരിച്ച ലിപിയിൽ കീബോർഡുള്ള പുതിയ മലയാളം അച്ചെഴുത്ത് യന്ത്രങ്ങൾ നിർമിച്ചു നൽകിയത് കൽക്കട്ടയിലെ 'മെ റെമിംഗ്ടൺ റാൻഡ് ഓഫ് ഇന്ത്യ ലിമിറ്റഡ്' എന്ന കമ്പനി ആയിരുന്നു. മാതൃഭാഷ ഭരണഭാഷ ആവുന്നതിന്റെ പ്രധാന നാഴികക്കല്ലായിരുന്നു ലിപി പരിഷ്കരണവും പുതിയ ടൈപ്പ്റൈറ്ററുകളുടെ ഉപയോഗവും. സർക്കാർ സേവനത്തിൽ ഉണ്ടായിരുന്ന ടൈപ്പിസ്റ്റുകൾക്ക് മലയാളം അച്ചെഴുത്തിൽ പരിശീലനം നൽകുകയും പുതുതായി സർവീസിൽ എത്തുന്നവർക്ക് ഒരു യോഗ്യതയായി മലയാളം നിർബന്ധമാക്കുകയും ചെയ്തത് ആ കാലത്താണ്.

1969-ൽ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നിലവിൽ വന്നു. ഇതോടെ മലയാളവും ഇംഗ്ലീഷും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷകളായി അംഗീകരിക്കപ്പെട്ടു. ഇത് ഇംഗ്ലീഷിൽ കാര്യങ്ങൾ തുടരുന്നതിനുള്ള ന്യായീകരണമായി മാറി. 1973-ൽ ആക്ടിൽ വരുത്തിയ ഭേദഗതിയിലൂടെ ഇതിൽ ചില മാറ്റങ്ങൾ വന്നു. ആക്ടിലെ ഒന്ന് (ബി) വകുപ്പ് അനുസരിച്ച് ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കേണ്ടതെന്ന് തീരുമാനിക്കാനുള്ള അവകാശം സർക്കാറിൽ നിക്ഷിപ്തമായി. ഒപ്പം തമിഴ്, കന്നട എന്നീ ഭാഷകൾ ന്യൂനപക്ഷ ഭാഷകളായി അംഗീകരിച്ചു. തമിഴ്, കന്നട, ഇംഗ്ലീഷ് എന്നിവ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്ത തൊഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കാനുള്ള സാധ്യതയാണ് ഈ ഭേദഗതി വഴി തുറക്കപ്പെട്ടത്. തുടർന്ന് വിവിധ വകുപ്പുകളുടെ ഭരണ ഭാഷ മലയാളമാക്കി ഉത്തരവുകൾ ഇറങ്ങി.

മലയാളത്തെ ഭരണഭാഷയാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 1970-ൽ മുഖ്യമന്ത്രി അധ്യക്ഷനായുള്ള ഔദ്യോഗിക ഭാഷാസമിതി രൂപീകരിക്കപ്പെട്ടു. 1971-ൽ സി. അച്യുതമേനോൻ മുഖ്യമന്ത്രിയായ കാലത്ത് ഭാഷാവിഭാഗം പ്രവർത്തനം



തുടങ്ങുന്നതുവരെ ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിച്ചത് പൊതു (പലവക) വകുപ്പായിരുന്നു. വിവിധ സർക്കാർ വകുപ്പുകളിലെ കോഡുകൾ, മാന്വലുകൾ, ഫോറങ്ങൾ തുടങ്ങിയവ അതത് വകുപ്പുകളിലെ പരിഭാഷാ സെല്ലുകൾ വഴി മൊഴി മാറ്റിയാൽ അത് പരിശോധിച്ച് പ്രസിദ്ധീകരിക്കാനുള്ള ചുമതല ഔദ്യോഗിക ഭാഷാ വിഭാഗത്തിനു നൽകി. പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുക, ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക, ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക തുടങ്ങി ഔദ്യോഗിക ഭാഷാ വിഭാഗത്തിന് നിരവധി ചുമതലകളുണ്ട്.

പിന്നീട് ഉണ്ടായ ഒരു പ്രധാന ഉത്തരവ് 1976 ജൂലൈ മൂന്നിന് പുറത്തിറക്കിയതാണ്. മലയാളത്തിലുള്ള പല ഫയലുകളും ചില ഘട്ടങ്ങളിൽ ഇംഗ്ലീഷിലേക്ക് മാറുന്നതായി ഈ ഉത്തരവിൽ ചൂണ്ടിക്കാണിക്കുന്നു. മിക്കവാറും താഴെത്തട്ടിൽ നിന്ന് മുകളിലേക്കുള്ള എഴുത്തുകുത്തുകൾ മലയാളത്തിലാണെങ്കിലും മേൽത്തട്ടിൽ വെച്ച് അത് ഇംഗ്ലീഷിലാകുന്നു. ഇതു മാറ്റി എല്ലാ തലത്തിലും, പ്രത്യേകിച്ച് സെക്രട്ടേറിയറ്റ് മുതൽ താഴോട്ട്, മലയാളം വിപുലമായി ഉപയോഗിക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നു. 1978 ഫെബ്രുവരി എട്ടിന് ഇറങ്ങിയ ഇംപ്ലിമെന്റേഷൻ ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങളിൽ കൂടുതൽ ഫലപ്രദമായ നടപടികൾ നൽകിയിരിക്കുന്നതു കാണാം. എല്ലാ ഔദ്യോഗിക കാര്യങ്ങളിലും മലയാളം ഒരു ശീലമാക്കാൻ ശ്രദ്ധിക്കുക എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്ന ഉത്തരവായിരുന്നു അത്. ഈ വർഷം തന്നെ ടി.എൻ. ജയചന്ദ്രൻ പത്രാധിപരായി ഭരണഭാഷ എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിച്ചു. ഭരണഭാഷ സംബന്ധിച്ച ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക, ജീവനക്കാരുടെ സംശയങ്ങൾക്ക് മറുപടി നൽകുക, പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുക തുടങ്ങിയവയായിരുന്നു മാസികയുടെ ഉദ്ദേശങ്ങൾ. എന്നാൽ വേണ്ടത്ര ലേഖനങ്ങൾ കിട്ടാത്തതിനാൽ 1980 ആവുമ്പോഴേക്കും പ്രസിദ്ധീകരണം നിലച്ചു പോയി.

1978 ആഗസ്റ്റ് ഒന്നിനാണ് കേരള നിയമസഭയിൽ ഇംഗ്ലീഷ് ഭാഷാ അധീശത്വത്തെ കുടഞ്ഞെറിഞ്ഞ് ഒരു ബിൽ അവതരണം നടന്നത്. മലയാള ഭാഷയിൽ ഒരു ബിൽ അവതരിപ്പിക്കുക എന്നത് അന്നുവരെ നിലനിന്ന ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തോടുള്ള വെല്ലുവിളി കൂടിയായിരുന്നു. കാന്തലോട്ട് കുഞ്ഞമ്പു അവതരിപ്പിച്ച കേരളവനോൽപന്നം (വില നിജപ്പെടുത്തൽ) ബില്ലാണിത്. മലയാളത്തിൽ ഒരു ബിൽ അവതരിപ്പിക്കപ്പെടാൻ കേരളം രൂപീകരിച്ച് രണ്ടു ദശകത്തിലധികം കാത്തിരിക്കേണ്ടി വന്നു!

1977-ലായിരുന്നു ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വത്തിൽ ലോകമലയാള സമ്മേളനം തിരുവനന്തപുരത്ത് നടന്നത്. സമ്മേളനത്തിൽ അന്നത്തെ കേരള മുഖ്യമന്ത്രി എ.കെ ആന്റണി അഞ്ച് വർഷം കൊണ്ട് കേരളത്തിലെ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുമെന്ന് പ്രഖ്യാപിച്ചു. 1978-ൽ ഭരണഭാഷ മലയാളമാക്കുന്നതിനുള്ള അഞ്ച് വർഷ പരിപാടി സർക്കാർ അംഗീകരിച്ചു. 1978-82 കാലയളവിനുള്ളിൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കോടതികളിലും ഔദ്യോഗിക ഭാഷ മലയാളമാക്കുകയായിരുന്നു പരിപാടിയുടെ ലക്ഷ്യം. അഞ്ച് വർഷത്തേക്കുള്ള കർമ്മപരിപാടി സഹിതമാണ് 1978 ജൂലൈ നാലിന് ഉത്തരവ് പുറത്തിറക്കിയത്. 1982 ആകുമ്പോഴേക്കും വില്ലേജുതലം മുതൽ സെക്രട്ടേറിയേറ്റു വരെ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും (സർവകലാശാലകൾ, നിയമസഭ, പി.എസ്.സി ഉൾപ്പെടെ) ഔദ്യോഗിക ഭാഷ മലയാളമായി മാറിയിരിക്കണം എന്നാണ് നിർദ്ദേശിക്കപ്പെട്ടത്. ഇതിനായി ഓരോ ജില്ലയിലെയും പരിപാടികളുടെ ഏകോപനത്തിനും നടത്തിപ്പിനും ഓരോ മന്ത്രിമാർക്ക് ചുമതലയും നൽകി. എന്നാൽ, അഞ്ച് വർഷം കഴിഞ്ഞിട്ടും നിയമസഭയിലെ ബില്ലുകളും മന്ത്രിസഭാ കുറിപ്പുകളുമൊന്നും മലയാളത്തിലായില്ല.


ജ്ഞാപനം. ക, ഗ, ഛ, ജ, ണ, ത, ന, ഭ, ര, ശ, ഹ. എന്നവയോടു ഉകാരം ചേരുമ്പോൾ ക്രമത്തിന്നു കു, ഗു, ഛു, ജു, ണു, തു, നു, ഭു, രു, ശു, ഹു, എന്നവയായിട്ടും ഊകാരം ചേരുംപോൾ ക്രമത്തിന്നു കൂ, ഗൂ, ഛൂ, ജൂ, ണൂ, തൂ, നൂ, ഭൂ, രൂ, ശൂ, ഹൂ, എന്നവയായിട്ടും തീരുന്നു. പിന്നയും കു, ഗു, ഛു, ജു, രു, ഭു, ശു, ഹു, എന്ന രൂപങ്ങൾക്കു പകരം ക്രു, ഗ്രു, ഛ്രു, ജ്രു, ത്രു, ഭ്രു, ശ്രു, ഹ്രു, എന്ന രൂപങ്ങളും വരും.

1985 മാർച്ച് 11-ന് സ്പീക്കർ വി. എം. സുധീരൻ നിയമസഭയിൽ നൽകിയ റൂളിങ്ങിൽ "മേലിൽ നോട്ടീസ് തരുന്ന ഔദ്യോഗികമോ അനൗദ്യോഗികമോ ആയ എല്ലാ ബില്ലുകളും (ഭേദഗതി ബില്ലുകൾ ഒഴികെ) നിർബന്ധമായും മലയാളത്തിൽ ആയിരിക്കണമെന്നും അതിന്റെ ഇംഗ്ലീഷ് പരിഭാഷ മാത്രം ആവശ്യമുള്ളവർക്ക് വിതരണം ചെയ്താൽ മതിയെന്നും" നിർദ്ദേശിച്ചു. ഭരണഭാഷാ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു ആ റൂളിംഗ്. 1987 വരെ മന്ത്രിസഭാ യോഗങ്ങളിൽ ചർച്ചക്ക് സമർപ്പിക്കപ്പെടുന്ന നീണ്ട കുറിപ്പുകൾ മിക്കതും ഇംഗ്ലീഷ് ഭാഷയിൽ തന്നെ തുടർന്നു. മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകളും യോഗനടപടിക്കുറിപ്പുകളും മലയാളത്തിലാക്കി ഉദ്യോഗസ്ഥ ഭരണപ

രിഷ്കരണ വകുപ്പ് 12.10.1987ന് ഉത്തരവിറക്കി. അപ്പോഴും (ഇപ്പോഴും) കോടതിയിൽ ഇംഗ്ലീഷ് തന്നെ തുടർന്നു.

2003-ൽ മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഔദ്യോഗിക ഭാഷാ നിയമസഭാ സമിതി രൂപവൽക്കരിക്കപ്പെട്ടു. ഇതു കൂടാതെ ജില്ലാതലം മുതൽ സംസ്ഥാനതലം വരെ ഔദ്യോഗിക ഭാഷാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ സമിതിയുടെ അധ്യക്ഷൻ ജില്ലാ കളക്ടർ ആണ്. ജില്ലാസമിതി മൂന്നുമാസത്തിലൊരിക്കൽ യോഗം ചേർന്ന് ഭാഷാമാറ്റ പുരോഗതി വിലയിരുത്തണം. സംസ്ഥാനതലസമിതിയുടെ അധ്യക്ഷൻ ചീഫ് സെക്രട്ടറിയാണ്. മുഖ്യമന്ത്രി അധ്യക്ഷനും സാംസ്കാരിക വകുപ്പുമന്ത്രി ഉപാധ്യക്ഷനുമായി ഉന്നതതല സമിതിയും പ്രവർത്തിക്കുന്നുണ്ട്. ഇവ യഥാസമയം നാലുമാസത്തിലൊരിക്കലും ആറുമാസത്തിലൊരിക്കലും യോഗം ചേരണം. ഓരോ സമിതിയുടെയും യോഗനടപടിക്രമങ്ങളടക്കം സർക്കാർ ഉത്തരവുകളായി ഇറങ്ങിയിട്ടുണ്ട്. നവംബർ ഒന്ന് ഭരണഭാഷാ ദിനമായി ആചരിക്കാനും ഒന്നു മുതൽ ഏഴുവരെയുള്ള ദിവസങ്ങൾ ഭരണഭാഷാ വാരമായി പരിപാടികൾ സംഘടിപ്പിക്കാനും സർക്കാർ നിർദ്ദേശിക്കുന്നുണ്ട്. വിദ്യാലയങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവയിലൂടെയുള്ള മാതൃഭാഷാ പ്രചാരണമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

1997ലാണ് ഔദ്യോഗിക ഭാഷ മലയാളമാക്കിയ നടപടി തനിക്കു ബാധകമല്ല എന്ന് വാദിച്ച മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിലെ ചിട്ടി ഇൻസ്പെക്ടറെ സർക്കാർ താൽക്കാലികമായി പുറത്താക്കിയത്. കേസ് ഹൈക്കോടതിയിൽ എത്തി. ഭരണഘടനാപരമായി മലയാളത്തിൽ ഫയൽ എഴുതേണ്ട ഉത്തരവാദിത്തം തനിക്കില്ലെന്നും സർക്കാർ ഉത്തരവ് പാലിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ആയിരുന്നു ജീവനക്കാരന്റെ വാദം. 1998 ആഗസ്റ്റ് 17-ാം തീയതി ജസ്റ്റിസ്. സി.എസ്. രാജൻ ജീവനക്കാരന്റെ വാദം തള്ളിക്കളയുകയും സർക്കാർ ഉത്തരവ് ശരിയാണെന്ന് ഉറപ്പിക്കുകയും ചെയ്തു. എങ്കിലും 1969-ലെ നിയമത്തിലുള്ള ഇംഗ്ലീഷ്/മലയാളം എന്നത് ഇന്നും തുടരുകയാണ്.

ഇത്തരം പ്രശ്നങ്ങളെ മറികടക്കാനായി 2015 ഡിസംബർ 17-ന് രാത്രി 11 മണിവരെ സമ്മേളിച്ച നിയമസഭ ഏകകണ്ഠമായി പാസ്സാക്കി രാഷ്ട്രപതിയുടെ പരിഗണനക്കയച്ച മലയാള ഭാഷാ (വ്യാപനവും പരിപോഷണവും) ബിൽ വെളിച്ചം കണ്ടില്ല. എന്നാൽ 2015 ജനുവരി 13-ാം തീയതി സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന വകുപ്പുകളിലും ഭരണഭാഷ മലയാളമായിരിക്കും എന്ന ഉത്തരവ് പുറത്തിറങ്ങി.

ഭരണഭാഷ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് നിരവധി സാങ്കേതിക പ്രശ്നങ്ങൾ ഇക്കാലയളവിൽ ഉയർന്നുവന്നു. സാങ്കേതിക വിദ്യയിൽ വരുന്ന പരിവർത്തനങ്ങൾ ഭാഷാമാറ്റത്തിൽ ഗുണകരമായി ഉപ


ഏ. ആർ. പി.
ബാലപാഠം.
അ ആ ഇ
ഈ ഉ ഊ
ഋ ൠ ഌ ൡ
എ ഏ ഐ
ഒ ഓ ഔ
അം അഃ

യോഗിക്കാൻ കഴിയണം. ലിപി പരിഷ്കരണം സംബന്ധിച്ച അവ്യക്തതകൾ പരിഹരിക്കുന്നതിനും ഭാഷാമാറ്റത്തിനു വേഗത വർദ്ധിപ്പിക്കുന്നതിനുമായാണ് 1999 മുതൽ ഔദ്യോഗിക ഭാഷാ പരിശീലനപരിപാടികൾ സർക്കാർ ആരംഭിച്ചത്. ഭാഷാ മാറ്റത്തിനുതകുന്ന വിധം സാങ്കേതികവിദ്യാ വികാസത്തെ പ്രയോജനപ്പെടുത്തുന്നതിനും ഇ-ഓഫീസ് സംവിധാനം പരിചയപ്പെടുത്തുന്നതിനുമൊക്കെയായി ഭരണഭാഷാ പഠനപദ്ധതി 2017-ൽ പുതുക്കിയിട്ടുണ്ട്.

എല്ലാ വകുപ്പുകളുടെയും ഭരണഭാഷ മലയാളമാക്കിക്കഴിഞ്ഞു. 19.10.2013 ന് പുറത്തിറങ്ങിയ ഉത്തരവ് അനുസരിച്ച് പത്താം ക്ലാസ്/പ്ലസ്ടു/ബിരുദതലത്തിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മലയാളം പരീക്ഷ വിജയിക്കണം. കൂടാതെ സർക്കാർ വകുപ്പുകൾ നടത്തുന്ന വിവിധ പരിശീലനങ്ങളിൽ ഭരണഭാഷ -മാതൃഭാഷ എന്ന വിഷയം നിർബന്ധിതമായി ഏർപ്പെടുത്തിയിട്ടുമുണ്ട്. കേരള പി.എസ്.സി നടത്തുന്ന വിവിധ വകുപ്പുതല പരീക്ഷകൾക്ക് ചോദ്യപേപ്പറുകൾ ഇപ്പോൾ മലയാളത്തിലും ലഭിക്കുന്നു. മിക്ക വകുപ്പുകളും അവയുടെ വെബ്സൈറ്റുകൾ മലയാളത്തിൽ കൂടി ലഭ്യമാക്കി.




അച്ചെഴുത്ത് യന്ത്രങ്ങൾ ഇല്ലാതാവുകയും ഓരോ പ്രധാന ആവശ്യത്തിനും പ്രത്യേകം സോഫ്റ്റ് വെയറുകൾ ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന പുതിയ കാലത്ത് ഭരണഭാഷയുമായി ബന്ധപ്പെട്ട് പുതിയ പ്രശ്നങ്ങൾ പൊങ്ങി വരുന്നുണ്ട്. സെക്രട്ടേറിയറ്റിലെ ഫയലുകളെല്ലാം ഇ-ഫയലിംഗ് രീതിയിലാക്കുന്നത് ആദ്യഘട്ടത്തിൽ ഭരണഭാഷ സംബന്ധിച്ച് ആശങ്കകൾക്ക് ഇടയാക്കിയെങ്കിലും സെക്രട്ടേറിയറ്റിലെ വിവര സാങ്കേതിക വിഭാഗം ഇക്കാര്യത്തിൽ മാതൃഭാഷ സംബന്ധിച്ച പരിശീലനം കർശനമാക്കി. എന്നാൽ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ ഉൾപ്പെടെ മലയാളത്തിൽ ആവുമ്പോഴും ശമ്പളം, പെൻഷൻ തുടങ്ങിയവ മാറാനായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ ഇംഗ്ലീഷിൽ മാത്രമാണ്. നേരത്തെ വില്ലേജ് ഓഫീസുകൾ വഴി മലയാളത്തിൽ ലഭിച്ചുകൊണ്ടിരുന്ന ചില സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്നത് ഇംഗ്ലീഷിൽ മാത്രമായി. വിവിധ കമ്മീഷനുകൾ ഇപ്പോഴും പൊതുജനങ്ങൾക്കുള്ള ഉത്തരവുകൾ ഇറക്കുന്നതിനായി ഇംഗ്ലീഷ് ഉപയോഗിക്കുന്നു. കോവിഡ് 19 സംബന്ധിച്ച പൊതുജനങ്ങൾക്കുള്ള അറിയിപ്പുകൾ ഉൾപ്പെടെ പുറത്തിറങ്ങിയത് ഇംഗ്ലീഷ് ഭാഷയിലായിരുന്നു. ഇത് ഭരണഭാഷ മാതൃഭാഷ എന്ന സർക്കാർ മുദ്രാവാക്യത്തോടുള്ള വെല്ലുവിളിയാണ്.

ഭരണം മലയാളത്തിലാക്കുന്നതിൽ 1987-നു ശേഷം കാര്യമായ പുരോഗതി കൈവരിച്ചെങ്കിലും അൽപ്പം പോലും മുന്നോട്ട് പോവാത്ത മേഖലയാണ് കോടതിഭാഷയുടേത്. ജയിലിൽ കഴിയേണ്ടി വരുന്നവർക്ക് പോലും അവരെ എന്തിനാണ് ജയിലിൽ അയച്ചത് എന്ന് സ്വന്തം ഭാഷയിൽ അറിയാൻ കഴിയാത്ത, ഉത്തരവുകൾ അന്യഭാഷയിൽ കൊടുക്കുന്നത് ജനാധിപത്യപരമല്ല. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനായി ജനങ്ങൾ സമീപിക്കുന്ന നീതിപീഠങ്ങൾ വാദിക്കും പ്രതിക്കും മനസ്സിലാവാത്ത ഭാഷയിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. ഇന്ത്യയിലെ ഏകദേശം എല്ലാ സംസ്ഥാനങ്ങളിലും കീഴ്ക്കോടതികൾ അവരവരുടെ ഭാഷയിലാണ് പ്രവർത്തിക്കുന്നത്.

1792-ൽ ടിപ്പുവിൽ നിന്നും മലബാർ ജില്ല ബ്രിട്ടീഷുകാർ ഏറ്റെടുക്കുന്നതിനെ തുടർന്നാണ് കേരളത്തിൽ ആധുനിക കോടതികളുടെ ചരിത്രം ആരംഭിക്കുന്നത്. ആ വർഷം തന്നെ തലശ്ശേരിയിലും കോഴിക്കോടും ചെർപ്പുളശ്ശേരിയിലും ബ്രിട്ടീഷ് രീതിയിലുള്ള കോടതികൾ ആരംഭിച്ചു. തൊട്ടടുത്ത വർഷം കൊയിലാണ്ടി, കണ്ണൂർ, താനൂർ, തിരൂരങ്ങാടി, പൊന്നാനി, ചേറ്റുവ, പാലക്കാട് എന്നീ 7 സ്ഥലങ്ങളിൽ കൂടി പ്രാദേശിക കോടതികൾ ആരംഭിച്ചു. പ്രാദേശിക കോടതികളിലെല്ലാം മലയാളത്തിലായിരുന്നു നടപടിക്രമങ്ങൾ എന്നാണ് രേഖകളിൽ നിന്നും മനസ്സിലാവുന്നത്.

ഭരണഭാഷയുടെ കാര്യത്തിൽ നാം നൂറുശതമാനത്തിലേക്ക് നടന്നടുക്കുകയാണ്. എല്ലാ സർക്കാർ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും വെബ് സൈറ്റിന്റെ പൂമുഖം മലയാളത്തിലാവുക എന്ന നയം ഏറെക്കുറെ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നടപ്പിലായിട്ടുണ്ട്. എന്നാൽ ചില വകുപ്പുകളിൽനിന്ന് ഇപ്പോഴും ഇംഗ്ലീഷിൽ ഉത്തരവുകൾ ഇറങ്ങുന്നുണ്ട്. 2015 ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ നിയമമാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് 2025 ഒക്ടോബർ 9 ന് പുതിയ നിയമം പാസാക്കാൻ കേരള നിയമസഭ തയ്യാറായത്.

(അവസാനിക്കുന്നില്ല)



# അഭിമാനം ഈ തൊഴിൽ

**അഭിമുഖം: ചിത്രലേഖ**

വീടുകളിലും സ്ഥാപനങ്ങളിലും കയറിയിറങ്ങി അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്ന ഒരു സന്നദ്ധ തൊഴിൽ സേനയായി ഹരിത കർമ്മസേന രൂപം കൊണ്ടപ്പോൾ രാജ്യത്ത് അത്തരത്തിലുള്ള ആദ്യസംരംഭമായിരുന്നു അത്. ശുചിത്വ-മാലിന്യപരിപാലന രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയ ഹരിത കർമ്മസേന തൊഴിലിന്റെ മാന്യത സംബന്ധിച്ച സങ്കുചിത സങ്കൽപ്പങ്ങളും പൊളിച്ചെഴുതി. അവർ കേരളത്തിന്റെ ശുചിത്വ സൈന്യമാണ്. താഴേതട്ടിൽ ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതും അവരാണ്. ഹരിതകർമ്മസേനയ്ക്ക് എന്താണ് കേരളത്തോട് പറയാനുള്ളത്!

വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേന അംഗമായ ചിത്രലേഖയുമായി തദ്ദേശകം ലേഖകൻ നടത്തിയ അഭിമുഖത്തിൽ നിന്ന്:

## ? എങ്ങനെയാണ് ഹരിതകർമ്മസേനയിൽ എത്തിയത്?

2020 ൽ ആണ് ഞാൻ ഹരിതകർമസേനയിൽ പ്രവർത്തിച്ചു തുടങ്ങിയത്. തുടക്കത്തിൽ പ്രവർത്തിച്ചിരുന്ന പലരും പിന്നീട് നിർത്തിപ്പോയി. അങ്ങനെയാണ് എനിക്ക് അവസരം കിട്ടിയത്. മാസം ആയിരം രൂപ ശമ്പളമായി ലഭിക്കുമെന്ന് പറഞ്ഞാണ് എന്നെ ചേർത്തത്. വീട്ടിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ആളുകൾ ഈ ജോലിയിലേക്ക് വരാൻ മടിച്ചിരുന്ന സമയമാണ്. ഹരിതകർമസേനയിൽ പ്രവർത്തിക്കാൻ താല്പര്യമുണ്ടോ എന്ന് കുടുംബശ്രീയിൽ നിന്ന് ചോദിച്ചപ്പോൾ കൂടുതൽ ഒന്നും ആലോചിച്ചില്ല. അങ്ങനെയാണ് വിളപ്പിൽ പഞ്ചായ




ത്തിലെ പുളിയറക്കോണം വാർഡിൽ ഹരിതകർമ്മ സേന അംഗമായി പ്രവർത്തിച്ചു തുടങ്ങിയത്.

## ?എങ്ങനെയായിരുന്നു ആളുകളുടെ പ്രതികരണം?

തുടക്കത്തിൽ കാര്യങ്ങൾ ഒട്ടും എളുപ്പമായിരുന്നില്ല. ഞങ്ങൾ (വാർഡിലെ) രണ്ടു പേരും ഒരുമിച്ചാണ് ആയിരത്തി ഒരുന്നൂറോളം വീടുകളും സ്ഥാപനങ്ങളും കയറിയത്. തുടക്കത്തിൽ വളരെ കുറച്ചു പേർ മാത്രമേ സഹകരിക്കാൻ തയ്യാറായുള്ളൂ. ആദ്യത്തെ 8 മാസത്തോളം ഞങ്ങൾക്ക് ശമ്പളമേ ലഭിച്ചില്ല.

പലരും അറപ്പോടെയാണ് ഞങ്ങളെ കണ്ടത്. ചിലർ എത്ര വിളിച്ചിട്ടും വീടിനു പുറത്തു വന്നില്ല. വേറെ ചിലർ ഞങ്ങളെ കണ്ടപ്പോൾ വീടിന്റെ ഗേറ്റ് അടച്ചു. കതകടച്ച് അകത്തിരുന്ന് ഞങ്ങൾ പോയോ എന്ന് ഒളിച്ചു നോക്കുന്നവരെ കണ്ടിട്ടും കാണാത്തതു പോലെ തിരിച്ചു പോവുകയേ വഴിയുണ്ടായിരുന്നുള്ളൂ. വേസ്റ്റ് വാരാൻ വരുന്നവർ, ആക്രിക്കാരികൾ എന്നൊക്കെയാണ് ഞങ്ങളെ പറഞ്ഞിരുന്നത്. കന്നാസും കടലാസും എന്നു വിളിച്ച് ഞങ്ങളെ പലരും കളിയാക്കി. പലദിവസങ്ങളിലും കരഞ്ഞുകൊണ്ടാണ് വീട്ടിൽ വന്നത്.

ഇവിടെ പ്ലാസ്റ്റിക് ഒന്നുമില്ല – ഇതായിരുന്നു ഏറ്റവും സാധാരണ പ്രതികരണം. 'പ്ലാസ്റ്റിക്കും തരണം അമ്പത് രൂപയും തരണം' എന്നായിരുന്നു പലർക്കും പരാതി. വൃത്തിയില്ലാത്ത പ്ലാസ്റ്റിക് വേസ്റ്റുകൾ എടുക്കാൻ മടിച്ചപ്പോൾ പലരും ദേഷ്യപ്പെട്ടു..

**പലരും അറപ്പോടെയാണ് ഞങ്ങളെ കണ്ടത്. ചിലർ എത്ര വിളിച്ചിട്ടും വീടിനു പുറത്തു വന്നില്ല. വേറെ ചിലർ ഞങ്ങളെ കണ്ടപ്പോൾ വീടിന്റെ ഗേറ്റ് അടച്ചു. കതകടച്ച് അകത്തിരുന്ന് ഞങ്ങൾ പോയോ എന്ന് ഒളിച്ചു നോക്കുന്നവരെ കണ്ടിട്ടും കാണാത്തതു പോലെ തിരിച്ചു പോവുകയേ വഴിയുണ്ടായിരുന്നുള്ളൂ.**

കഴുകി ഉണക്കി തേച്ചു തരാൻ നേരമില്ല എന്ന് പറഞ്ഞു പലരും ചീത്ത വിളിച്ചു. ചിലർ പറമ്പിലേക്ക് ചൂണ്ടിക്കാണിച്ചിട്ട് വേണമെങ്കിൽ പെറുക്കിക്കൊണ്ട് പോകാൻ പറഞ്ഞു. എന്റെ വീട്ടിൽ വരണ്ട നിങ്ങളെ കാണുമ്പോൾ ഇറിറ്റേഷൻ വരുന്നു എന്നാണ് ഒരു കൊച്ചമ്മ പറഞ്ഞത്. ഏറെ പണിപ്പെട്ടാണ് നൂറോളം കുടുംബങ്ങളെയെങ്കിലും സഹകരിക്കുന്ന അവസ്ഥയിൽ എത്തിച്ചത്.

ഈ അവസ്ഥക്ക് ക്രമേണ മാറ്റം വന്നു. കൂടുതൽ

പേർ സഹകരിക്കാൻ തുടങ്ങി. അതോടെ പരാതികളുടെ സ്വഭാവവും മാറി. പഞ്ചായത്തിന് പണം ഉണ്ടാക്കാൻ കുറെ പെണ്ണുങ്ങളെ ഇറക്കി വിട്ടിരിക്കുന്നു എന്ന മട്ടിലായി പിന്നെയുള്ള വഴക്ക്. ആദ്യം റോഡിൽ കിടക്കുന്ന വേസ്റ്റ് മാറ്റ് അതു കഴിഞ്ഞുമതി വീടു കയറിയുള്ള വേസ്റ്റ് പെറുക്കൽ എന്നായി ചിലർ. കൂടുതൽ പറമ്പുള്ള പലരും ആ കാരണം പറഞ്ഞ് സഹകരിക്കാൻ മടിച്ചു. ഞങ്ങൾ എല്ലാം സഹിച്ചും ക്ഷമിച്ചും പിടിച്ചു നിന്നു. എല്ലാം മാറി വരുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു.

## ?ആഴ്ചയിൽ എത്രദിവസം വരെ ഫീൽഡിൽ ഇറങ്ങുന്നുണ്ട്?

മിക്കവാറും 6 ദിവസവും ഫീൽഡിൽ ഇറങ്ങും. ഞങ്ങളുടെ വാർഡിൽ വീട് കൂടുതലായതിനാൽ ഇങ്ങനെ ഇറങ്ങിയാലേ ഇരുപതാം തീയതി കണക്ക് കൊടുക്കാൻ പറ്റൂ.

## ?എങ്ങനെയാണ് ഹരിത കർമ്മസേനയുടെ ഒരു ദിവസം?

ദിവസം 6 മണിക്കൂർ വരെ ഫീൽഡിൽ ആയിരിക്കും. 60 മുതൽ 75 വീടു വരെ ഒരു ദിവസം കയറും. ഇത്ര നാളത്തെ പ്രവർത്തനം കൊണ്ട് വാർഡിലെ ആളുകളുമായി ഇപ്പോൾ നല്ല ബന്ധമാണ്. പലരും




**ഒളിച്ചു നോക്കുന്നവരെ കണ്ടിട്ടും കാണാത്തതു പോലെ തിരിച്ചു പോവുകയേ വഴിയുണ്ടായിരുന്നുള്ളൂ. വേസ്റ്റ് വാരാൻ വരുന്നവർ, ആക്രിക്കാരികൾ എന്നൊക്കെയാണ് ഞങ്ങളെ പറഞ്ഞിരുന്നത്. കന്നാസും കടലാസും എന്നു വിളിച്ച് ഞങ്ങളെ പലരും കളിയാക്കി. പലദിവസങ്ങളിലും കരഞ്ഞുകൊണ്ടാണ് വീട്ടിൽ വന്നത്.**

വെള്ളം കുടിക്കാനും ഭക്ഷണം കഴിക്കാനും നിർബന്ധിക്കും. എല്ലാ കാര്യങ്ങളും അവർ ഞങ്ങളോട് പറയും. വാർഡിലെ എല്ലാ വിശേഷങ്ങളും ഇപ്പോൾ ഞങ്ങൾക്ക് അറിയാം.

## ?എങ്ങനെയാണ് പാഴ്വസ്തുക്കൾ ശേഖരിക്കുന്നത്?

പഞ്ചായത്തിൽ നിന്ന് ഒരു കളക്ഷൻ കലണ്ടർ തന്നിട്ടുണ്ട്. ഓരോ മാസവും എന്ത് ശേഖരിക്കണമെന്ന് കലണ്ടറിൽ പറഞ്ഞിട്ടുണ്ട്. എല്ലാ മാസവും പ്ലാസ്റ്റിക് എടുക്കണം. പ്ലാസ്റ്റിക് ഒരു ചാക്കിലും കലണ്ടർ പ്രകാരം ഓരോ മാസവും എടുക്കേണ്ട മറ്റു പാഴ്വസ്തുക്കൾ മറ്റൊരു ചാക്കിലും ശേഖരിക്കും.

## ?എങ്ങനെയാണിത് മിനി എംസിഎഫിലും എംസിഎഫിലും എത്തിക്കുന്നത്?

അതാണ് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം. ഓട്ടോറിക്ഷയെയാണ് ഞങ്ങൾ അതിന് ആശ്രയിക്കുന്നത്. എല്ലാ ഓട്ടോക്കാരും വിളിച്ചാൽ വരില്ല. ചവർ വാരാൻ വരില്ല എന്നുപറയും. ശേഖരിച്ച സാധനങ്ങൾ റോഡരികിലോ ഏതെങ്കിലും പറമ്പിലോ വച്ചാൽ ഉടൻ ഫോട്ടോ 'യൂട്യൂബി'ൽ വരും. ഞങ്ങളുടെ വീഴ്ച്ച കണ്ടുപിടിക്കുന്ന കാര്യത്തിൽ പലർക്കും നല്ല ഉത്സാഹമാണ്.

പല ദിവസങ്ങളിലും ഞാനും ഭർത്താവും കൂടി എന്റെ ടുവീലറിൽ ഈ സാധനങ്ങൾ കയറ്റി മിനി എംസിഎഫിൽ എത്തിച്ചിട്ടുണ്ട്. ഒരു ദിവസത്തെ കളക്ഷൻ ഇരുപത് ചാക്കോളം വരും. അഞ്ചോ ആറോ തവണയായി വേണം ഇത് മിനി എംസിഎഫിൽ എത്തിക്കാൻ.

മിനി എംസിഎഫിൽ നിന്ന് പഞ്ചായത്തിന്റെ വാഹനത്തിൽ താൽക്കാലിക എംസിഎഫിൽ




എത്തിക്കും. ഞങ്ങൾ തന്നെയാണ് കയറ്റിറക്കു ജോലികൾ ചെയുന്നത്. ക്ലീൻ കേരള കമ്പനിയുടെ വാഹനത്തിലാണ് എംസിഎഫിൽ നിന്ന് സാധനങ്ങൾ കയറ്റി പോകുന്നത്. ലോഡ് കയറ്റി അയക്കുന്ന ജോലി ജെഎൽജികൾ ഊഴം വച്ച് മാറിമാറി ചെയ്യും.

## ?ജെഎൽജികളുടെ പ്രവർത്തനം എങ്ങനെ?

മാസം തോറും ജെഎൽജി യോഗം കൂടി കളക്ഷൻ റിവ്യൂ നടത്താറുണ്ട്. അധിക വരുമാനത്തിനു വേണ്ടി എന്തെങ്കിലും സംരംഭം തുടങ്ങുന്നതിനുള്ള ആലോചനകൾ നടക്കുന്നുണ്ട്. പാഴ്‌വസ്തുക്കൾ ശരിയായി തരംതിരിക്കാൻ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ട്. അത് പരിഹരിച്ചാൽ, പാഴ്‌വസ്തുക്കൾ വിറ്റ് അധിക വരുമാനം നേടാനും അവസരമാകും.

## ?ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്?

രണ്ടു ദിവസം കളക്ട് ചെയ്യുന്ന സാധനങ്ങൾ വയ്ക്കാനുള്ള സ്ഥലമേ മിനി എംസിഎഫിലുള്ളൂ. ബാക്കി പുറത്തുവച്ചാൽ അത് കണ്ട് മറ്റുള്ളവർ രാത്രി ഫുഡ് വേസ്റ്റും മറ്റും കൊണ്ടുവന്നു വയ്ക്കും. ഇത് തടയാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ചിലപ്പോൾ കൂടുതൽ സാധനങ്ങൾ ഉള്ളപ്പോൾ അങ്ങനെ പുറത്തും വയ്ക്കേണ്ടി വന്നിട്ടുണ്ട്. വീടുകളിൽ നിന്ന് വേസ്റ്റ് എടുത്ത് റോഡിൽ കൊണ്ടുപോയി കൂട്ടിയിടുന്നു എന്ന് പരാതിയും വന്നു. കളക്ട് ചെയ്യുന്ന സാധനങ്ങൾ അന്നന്ന് മിനി എംസിഎഫിൽ എത്തിക്കുക പ്രയാസമുള്ള കാര്യമാണ്. വിളപ്പിൽശാല മാർക്കറ്റിൽ കുറച്ചു കാലം ഇങ്ങനെ സാധനങ്ങൾ വയ്ക്കുമായിരുന്നു. ഒന്നുരണ്ട് കുടിയന്മാർ എല്ലാ ദിവസവും ഈ ചാക്കുകൾ കുത്തിക്കീറും. വിറ്റു കാശാക്കാൻ പറ്റുന്ന എന്തെങ്കിലും കിട്ടിയാൽ അതെടുത്തിട്ട് ബാക്കി വലിച്ചുവാരി ഇടും. അതും ഞങ്ങളുടെ കുറ്റമായിട്ടാണ് പലരും പറഞ്ഞത്. ഇങ്ങനെ പല തരത്തിലുള്ള പ്രയാസങ്ങൾ ഞങ്ങൾ അനുഭവിച്ചു. നല്ല സൗകര്യമുള്ള ഒരു എംസിഎഫ് ഉണ്ടായാൽ ഈ ബുദ്ധിമുട്ടുകൾ ഒരു വിധം മാറും. അതും ഉടൻ നടക്കുമെന്നാണ് പ്രതീക്ഷ.

## ?തുടക്കത്തിൽ വന്ന പലരും പിന്നീട് നിർത്തിപ്പോയെന്ന് പറഞ്ഞല്ലോ. എന്താണ് കാരണമെന്ന് ചോദിച്ചിട്ടുണ്ടോ?

ഇത്ര ബുദ്ധിമുട്ടുള്ള ജോലിയാണെന്ന് മനസ്സിലാക്കാതെയാണ് പലരും വന്നത്. ഒന്നോ രണ്ടോ ആഴ്ച ഫീൽഡിൽ ഇറങ്ങിയതിനു ശേഷം അവർ കാര്യമായി പ്രവർത്തിച്ചില്ല. ആളുകൾ ഹരിതകർമ്മസേന അംഗങ്ങളെ കണ്ടതും ഒട്ടും നല്ല രീതിയിൽ ആയിരുന്നില്ല. തുടക്കത്തിൽ സജീവമായി വന്ന ഒരു ചേച്ചി പിന്നീട് വരാതായി. അവർക്ക് വിവാഹപ്രായമായ ഒരു



**ജൈവ മാലിന്യ സംസ്കാരണത്തിന് വീടുകളിൽ ബിന്നുകൾ നൽകുന്ന പ്രൊജക്റ്റ് പഞ്ചായത്ത് ഏറ്റെടുത്തപ്പോൾ തുടക്കത്തിൽ ഗുണഭോക്താക്കളെ കിട്ടിയില്ല. ഞങ്ങൾ ഫീൽഡിൽ ഇടപെട്ട് ആളുകളെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്താൻ പഞ്ചായത്തിനെ സഹായിച്ചത്.**

മകനുണ്ട്. 'ചവർ വാരുന്ന സ്ത്രീയുടെ മകനാണെന്ന് അറിഞ്ഞാൽ മകന് നല്ല കുടുംബത്തിൽ നിന്ന് പെണ്ണ് കിട്ടില്ല' എന്ന് അവർ പറഞ്ഞുവെന്നാണ് കേട്ടത്. അതവരുടെ ശരിക്കുള്ള അനുഭവം ആയിരിക്കും.

### ? ഹരിതമിത്രം ആപ് വന്നതിനു ശേഷം ജോലി എളുപ്പമായോ?

ആപ്പ് വന്നശേഷം ജോലി ഭാരം കുറഞ്ഞു. ചില സാങ്കേതിക ബുദ്ധിമുട്ടുകളുമുണ്ട്. പേയ്മെന്റ് കൃത്യമാകാൻ പ്രയാസമാണ്.

സ്ഥിരമായി പൂട്ടിക്കിടക്കുന്ന വീടുകളിലും എല്ലാ മാസവും പോകണം. പുതിയ വീടുകൾ ധാരാളമായി വരുന്ന സ്ഥലമാണ്. അവർക്കും ക്യു.ആർ. കോഡ് കൊടുക്കണം.

### ? വീട്ടിൽ നിന്നുള്ള പിന്തുണ എങ്ങനെ?

വീട്ടിൽനിന്ന് എല്ലാവിധ സപ്പോർട്ടും ഉണ്ടായിരുന്നു. അതാണ് പിടിച്ചുനിൽക്കാൻ സഹായിച്ചത്. കളക്ട് ചെയ്യുന്ന സാധനങ്ങൾ മിനി എംസിഎഫിൽ എത്തിക്കാൻ ഭർത്താവ് സഹായിക്കുന്നുണ്ട്. മക്കളും അവർക്കു സമയം കിട്ടുമ്പോൾ സഹായിക്കാറുണ്ട്. ഹരിതമിത്രം ആപ്പ് വന്നസമയത്ത് വീടുകളിൽ ക്യു. ആർ.കോഡ് ഒട്ടിക്കുന്നതിനും എൻറോൾ ചെയ്യുന്നതിനും എന്റെ രണ്ട് മക്കളും ഫീൽഡിൽ ഇറങ്ങി.

### ? ഇപ്പോഴത്തെ അവസ്ഥയിൽ തൃപ്തിയുണ്ടോ?

ഞങ്ങളുടെ കഷ്ടപ്പാടും പരിശ്രമവും ഫലം കാണു

ന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഈ മാറ്റം കാണാം. മാസം 20000 രൂപയോളം ഇപ്പോൾ എനിക്ക് ശമ്പളമായി ലഭിക്കുന്നുണ്ട്. ഈ കഴിഞ്ഞ ഓണത്തിന് 3500 രൂപ ബോണസ് ലഭിച്ചു. ഇപ്പോൾ ഞങ്ങൾക്ക് പരിഹാസമോ ശകാരമോ ഏൽക്കേണ്ടി വരുന്നില്ല. നാട്ടുകാർ ഞങ്ങളെ അംഗീകരിച്ചു എന്നതിലാണ് ഏറ്റവും സന്തോഷം.

## ?മറ്റെന്തെങ്കിലും ജോലികൾ പഞ്ചായത്ത് നിങ്ങളെ ഏല്പിക്കാറുണ്ടോ?

ജൈവ മാലിന്യ സംസ്കരണത്തിന് വീടുകളിൽ ബിന്നുകൾ നൽകുന്ന പ്രോജക്റ്റ് പഞ്ചായത്ത് ഏറ്റെടുത്തപ്പോൾ തുടക്കത്തിൽ ഗുണഭോക്താക്കളെ കിട്ടിയില്ല. ഞങ്ങൾ ഫീൽഡിൽ ഇടപെട്ട് ആളുകളെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്താൻ പഞ്ചായത്തിനെ സഹായിച്ചത്. അത് വലിയ മാറ്റമുണ്ടാക്കി. പഞ്ചായത്തിന്റെ സർവ്വേകൾ, സാനിറ്റേഷൻ വർക്കുകൾ, ശുചിത്വവുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഞങ്ങൾ പങ്കാളികളാണ്. ഈ കഴിഞ്ഞ ഓണം വാരാഘോഷത്തിന് ഞങ്ങളുടെ ഫ്ളോട്ടിന് ഒന്നാം സമ്മാനം ലഭിച്ചു. ഫ്ളോട്ടിന് അകമ്പടി പോയ ഞങ്ങൾ 15 പേർക്ക് സമ്മാനത്തുകയിൽ നിന്ന് ഒരാൾക്ക് 750 രൂപ വീതം ലഭിച്ചു. പഞ്ചായത്തിന്റെ എല്ലാ ജനകീയ പ്രവർത്തനങ്ങളിലും ഞങ്ങൾ മുന്നിലുണ്ട്.

## ?ഇത്രയും കാലത്തെ അനുഭവം വച്ച് സ്വന്തം തൊഴിലിനെ എങ്ങനെ കാണുന്നു?

വേസ്റ്റ് മാനേജ്മെന്റിന്റെ പ്രാധാന്യം ആളുകൾ മനസ്സിലാക്കി തുടങ്ങിയിട്ടുണ്ട്. അതിനനുസരിച്ച് ഞങ്ങളോടുള്ള പെരുമാറ്റവും പൊതുവിൽ മാറുന്നുണ്ട്. മാറാത്തവർ ഇല്ലെന്നല്ല. ഇന്നല്ലെങ്കിൽ നാളെ അവരും മാറും. പ്ലാസ്റ്റിക്കും മറ്റ് പാഴ്‌വസ്തുക്കളും റോഡിലും പറമ്പിലും വലിച്ചെറിയുന്ന രീതി മാറ്റാതെ നമ്മുടെ നാടിന് മുന്നോട്ട് പോകാൻ കഴിയില്ലെന്ന് മനസ്സിലായപ്പോഴാണ് പലരും അവരുടെ ശീലങ്ങൾ മാറ്റാൻ തയ്യാറായത്. ഈ മാറ്റത്തിനൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്. പിന്നെ, ഏതു തൊഴിലിനും അതിന്റേതായ ബുദ്ധിമുട്ടുകൾ ഉണ്ടല്ലോ.



റെജി ഷൈലജ്

# കുട്ടനാട്

## കൃഷി, സംസ്കാരം, വിനോദസഞ്ചാരം

കർഷകരും കർഷകത്തൊഴിലാളികളും വേമ്പനാട്ടു കായൽ  കുത്തിയെടുത്തു നിർമ്മിച്ചവയാണ് കുട്ടനാട്ടിലെ കൃഷിയിടങ്ങൾ അധികവും. അവയോട് ചേർന്ന മൺചിറകളിലും തുണ്ടു ഭൂമികളിലുമാണ് കുട്ടനാട്ടിലെ മനുഷ്യർ പാർക്കുന്നത്. പാർപ്പ് ഭൂമികളേക്കാൾ കൂടുതലാണ് കൃഷിയിടങ്ങൾ. വേമ്പനാട്ട് കായലിലേക്ക് ഒഴുകിയെത്തുന്ന പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിൽ എന്നീ നദികളുടെ എക്കൽത്തടവും ആഴം കൂടിയ കായലിൽ ആയിരക്കണക്കിന് മനുഷ്യർ രാപ്പകൽ പണിയെടുത്തുയർത്തിയ നീർനിലങ്ങളും ചേർന്നതാണ് കുട്ടനാട്. പ്രാചീന ചരിത്രകാരന്മാരായ ടോളമിയും പ്ലിനിയും അവരുടെ സഞ്ചാര രേഖകളിൽ 'കൊറ്റനാര' എന്നു വിശേഷിപ്പിച്ച കുട്ടനാടൻ പ്രദേശത്തിന്റെ ജനനത്തിന് നിദാനമായി പ്രചരിക്കുന്ന ഐതിഹ്യങ്ങളും അനുമാനങ്ങളും വളരെയേറെയാണ്. വയൽ നിലങ്ങളിൽ ഉഴവു നടത്തുമ്പോൾ സർവ്വസാധാരണയായി കരിഞ്ഞ തടിക്കഷണങ്ങൾ (കരികൾ) ലഭിച്ചിരുന്നതിനാൽ അഗ്നിബാധയിൽ നശിച്ച പഴയ വനപ്രദേശം (ചുട്ടനാട് ) ആയിരുന്നു ഇതെന്ന് കരുതുന്നവരുണ്ട്. കൈനകരി, മാമ്പുഴക്കരി, ഊരിക്കരി, മിത്രക്കരി, പോലുതറകരി, രാമങ്കരി, പാണ്ടൻകരി, ചേന്നങ്കരി, പടിഞ്ഞാറേകരി, മേനോൻകരി, തുരുത്തുമാലിൽകരി, വാഴ്മേട്മേൽക്കരി, പുത്തൻകേളംകരി, നാറാണത്തുകരി എന്നിങ്ങനെ സ്ഥലനാമങ്ങളോട് 'കരി'ചേർന്നു വരുന്ന അനേകമിടങ്ങൾ കുട്ടനാട്ടിലുണ്ട്. ബുദ്ധമത

**വേമ്പനാട്ട് കായലിലേക്ക് ഒഴുകിയെത്തുന്ന പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിൽ എന്നീ നദികളുടെ എക്കൽത്തടവും ആഴം കൂടിയ കായലിൽ ആയിരക്കണക്കിന് മനുഷ്യർ രാപ്പകൽ പണിയെടുത്തുയർത്തിയ നീർനിലങ്ങളും ചേർന്നതാണ് കുട്ടനാട്**



ത്തിന് പ്രചാരമുണ്ടായിരുന്ന ഇടമായിരുന്നതിനാൽ ബുദ്ധന്റെ പ്രാദേശിക നാമമായ 'കുട്ടൻ' എന്ന പദത്തിൽ നിന്നാണ് കുട്ടനാട് എന്ന സ്ഥലനാമത്തിന്റെ നിഷ്പത്തിയെന്ന് ചിലർ കരുതുന്നു. കരുമാടിക്കുട്ടൻ പ്രതിമ ഇതിന് ഉപോൽബലകമായി അവർ ചൂണ്ടിക്കാണിക്കുന്നു. എന്തുതന്നെയായാലും കടലിന്റെ കാൽച്ചുവട്ടിലെ ഈ നാട് കടൽ പെറ്റതാണെന്ന് തീർച്ചയാണ്.

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചമ്പക്കുളം, വെളിയനാട്, ഹരിപ്പാട്, ചെങ്ങന്നൂർ തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തുകളിൽ മുപ്പത്തിരണ്ടിലധികം ഗ്രാമപഞ്ചായത്തുകളിലായാണ് കുട്ടനാട് എന്ന ഭൂമിശാസ്ത്ര വിസ്മയം നിവർന്നു കിടക്കുന്നത്. കൃഷിയും മത്സ്യ ബന്ധനവും കഴിഞ്ഞാൽ ഇവിടത്തെ ജനങ്ങളുടെ ജീവസന്ധാരണം വിനോദ സഞ്ചാരവുമായും ബന്ധപ്പെട്ടിരിക്കുന്നു. ശുദ്ധജല ലഭ്യത ഉറപ്പാക്കൽ, മാലിന്യ സംസ്ക്കരണം, ആരോഗ്യ പരിപാലന സംവിധാനങ്ങൾ, പശ്ചാത്തലസൗകര്യ വികസനം, പ്രാദേശിക സംസ്കൃതിയുമായി ബന്ധപ്പെട്ട സ്മാരകങ്ങളുടെ സംരക്ഷണവും പരിപാലനവും, പ്രകൃതി വിഭവങ്ങളുടെ നാശവും ശോഷണവും തടയൽ എന്നിവയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദ സഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നു.

**ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചമ്പക്കുളം, വെളിയനാട്, ഹരിപ്പാട്, ചെങ്ങന്നൂർ തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തുകളിൽ മുപ്പത്തിരണ്ടിലധികം ഗ്രാമപഞ്ചായത്തുകളിലായാണ് കുട്ടനാട് എന്ന ഭൂമിശാസ്ത്ര വിസ്മയം നിവർന്നു കിടക്കുന്നത്.**

## കായൽ നിലങ്ങളുടെ കഥ

ജാതീയമായി അടിത്തട്ടിൽ ഉള്ളവർ സാമൂഹ്യമായി ബഹിഷ്കൃതരായിരുന്നു. ജനവാസഭൂമികളിൽ നിന്നും അവർ ആട്ടിപ്പായിക്കപ്പെട്ടു. അവരാണ് കുട്ടനാട്ടിൽ ആദ്യമായി കായൽ നികത്തി വാസസ്ഥലങ്ങൾ ഉണ്ടാക്കിയത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ കൃഷിക്കായി കായൽ കുത്തി കൃഷിനിലങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടങ്ങി. വലിയതോതിൽ അധ്വാനവും വിഭവങ്ങളും വേണ്ടിയിരുന്നതിനാൽ ആ ഘട്ടത്തിൽ വളരെ കുറച്ചു നിലങ്ങൾ മാത്രമാണ് നിർമ്മിക്കപ്പെട്ടത്.



വർദ്ധിച്ചുവന്ന ഭക്ഷ്യധാന്യ ആവശ്യം നാഞ്ചിനാട്ടിലെ നെൽകൃഷി കൊണ്ടുമാത്രം നിറവേറ്റാതെ വന്ന സാഹചര്യത്തിലായിരുന്നു കൂടുതൽ പ്രദേശത്ത് നെൽകൃഷി ചെയ്യാൻ തിരുവിതാംകൂർ രാജഭരണം ആലോചിച്ചത്. കുട്ടനാട്ടിലെ കായലുകൾ കൃഷിയിടങ്ങളായി മാറ്റിത്തീർക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അനുമതി നൽകി. കായൽ പ്രദേശങ്ങൾ നികത്തുന്നതിന് നാല് ശതമാനം പലിശ നിരക്കിൽ വായ്പയും അനുവദിച്ചു. നികത്തി എടുക്കുന്ന നിലങ്ങൾക്ക് ആദ്യത്തെ അഞ്ചുവർഷം ഭൂനികുതി ഒഴിവാക്കി കൊടുത്തു. കാവാലം ചാലയിൽ തറവാട്ടിൽ ഇരവികേശവപ്പണിക്കർ ചേന്നങ്കരിയാറ് കായലിൽ പതിക്കുന്ന ഭാഗത്ത് ചിറകെട്ടി കായൽ നിലങ്ങൾ നിർമ്മിക്കുന്നതിന് തുടക്കമിട്ടു. 'ആറ്റുമുട്ടു കായൽ' എന്നാണ് ഈ നിലം ഇപ്പോൾ അറിയപ്പെടുന്നത്. കാവാലത്തെ മാണിക്യമംഗലം, രാജാരാമപുരം കൈനകരിയിലെ ആറുപങ്ക്, ചെറുകാലിൽ തുടങ്ങിയ കായലുകൾ ഈ കാലഘട്ടത്തിൽ കുത്തിയുയർത്തിയതാണ്. ഇവയിൽ ചെറുകാലിൽ കായലിന്റെ പിറവിക്ക് പിന്നിൽ ജാതിവിവേചനത്തിനെതിരെയുള്ള മധുരമായ പോരാട്ടത്തിന്റെ കഥയുണ്ട്. ജാതിവിവേചനം അതിതീവ്രമായിരുന്ന അക്കാലത്ത് ഹിന്ദുമതത്തിലെ സാമ്പത്തിക ശേഷിയുള്ള സവർണ്ണ സമുദായ കുടുംബങ്ങളും സിറിയൻ ക്രിസ്ത്യൻ തറവാടുകളുമായിരുന്നു രാജാവിൽ നിന്നും കായൽ കുത്തുന്നതിനുള്ള അനുമതി (പതിവ്) വാങ്ങിയിരുന്നത്. ഒരാൾ 'പതിവ്' വാങ്ങുകയും പങ്കുകാരുമായി ചേർന്ന് കായൽ നിലം കുത്തുകയും മറ്റുപങ്കുകാർക്ക് അവരുടെ ഭാഗം പ്രമാണം ചെയ്തു കൊടുക്കുകയുമാണ് ചെയ്തിരുന്നത്. ആറുപങ്ക്കായൽ കുത്തുന്ന സമയത്ത് കുട്ടമംഗലത്ത് ചെറുകാലിൽ തറവാട്ടിലെ ഈഴവ സമുദായ അംഗം പങ്കുചേരുവാൻ ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും പിന്നാക്ക സമുദായക്കാരൻ ആയതിനാൽ ആവശ്യം നിരാകരിക്കപ്പെട്ടു. എന്നാൽ ഉദ്യമത്തിൽ നിന്നും പിന്മാറാതെ ചെറുകാലിൽ തറവാട്ടിലെ കാരണവർ കായൽ കുത്തുവാൻ രാജാവിനോട് അനുമതി വാങ്ങുകയും ആരെയും പങ്കു ചേർക്കാതെ ഇരുനൂറ് ഏക്കർ കായൽ നിലം കുത്തിയെടുക്കുകയും ചെയ്തു. കായലിന് തന്റെ തറവാട്ടു പേരായ ചെറുകാലിൽ എന്ന് പേര് നൽകി.

> **ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യകാർഷിക സംഘടന (FAO) കുട്ടനാടിനെ ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക വ്യവസ്ഥയായി അംഗീകരിച്ചിട്ടുണ്ട്. സമുദ്രനിരപ്പിന് താഴെയുള്ള കൃഷിയിടങ്ങൾ കുട്ടനാട് കഴിഞ്ഞാൽ നെതർലാൻഡിൽ മാത്രമാണുള്ളത്.**

അമിതമായ കായൽ നികത്തൽ മൂലം കൊച്ചി തുറമുഖകവാടത്തിൽ മണ്ണടിഞ്ഞ് തുറമുഖത്തിന്റെ നിലനിൽപ്പിന് ഭീഷണിയാവുമെന്ന് ആശങ്കയുയർന്നു. മദ്രാസ് പ്രസിഡൻസി ഗവൺമെന്റിന്റെ സമ്മർദ്ദത്തെ തുടർന്ന് 1903-ൽ തിരുവിതാംകൂർ രാജാവ് കായൽ നികത്തൽ നിർത്തിവച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. പുളിങ്കുന്ന് വില്ലേജിൽ കായൽ നികത്തി നിലമുയർത്തിക്കൊണ്ടിരുന്ന ഇരവി കേശവപണിക്കർ അതോടെ കായൽ നികത്തൽ മതിയാക്കി. ആ കായൽനിലം ഇപ്പോൾ 'മതികായൽ' എന്ന പേരിൽ അറിയപ്പെടുന്നു.

ഒന്നാം ലോകമഹായുദ്ധകാലത്ത് അതിരൂക്ഷമായ ഭക്ഷ്യ ക്ഷാമം നേരിടേണ്ടി വന്നതിനാൽ കായൽ നികത്തുന്നതിനുള്ള നിരോധനം പിൻവലിച്ചു. ഇതോടെയാണ് കായൽ നിലങ്ങൾ കുത്തുന്നതിന്റെ അവസാനഘട്ടം ആരംഭിച്ചത്. പിൽക്കാലത്ത് കായൽ രാജാവ് എന്നറിയപ്പെട്ട മുരിക്കുമൂട്ടിൽ തൊമ്മൻ ജോസഫ് (മുരിക്കൻ) വിസ്മയകരമാം വിധം വിപുലമായി വേമ്പനാട്ടുകായലിൽ നിന്നും കായൽ നിലങ്ങൾ കുത്തിയെടുത്തത് ഈ കാലത്താണ്. കായൽ നികത്തുവാൻ അനുമതിയും സഹായവും നൽകിയ രാജകുടുംബത്തോടുള്ള നന്ദിസൂചകമായി കായലുകൾക്ക് റാണി, ചിത്തിര, മാർത്താണ്ഡം എന്നിങ്ങനെ പേരുകളും നൽകി. 5000 ഹെക്ടർ കായൽ നിലങ്ങളാണ് ഈ കാലയളവിൽ നിർമ്മിക്കപ്പെട്ടത്. 1943ൽ കായൽ നികത്തൽ അവസാനിച്ചു.

## വിയർപ്പും ചോരയും കലർന്ന വയൽ വരമ്പുകൾ

കുട്ടനാടിന്റെ കാർഷിക ചരിത്രത്തിലെ സുവർണ്ണ കാലഘട്ടത്തിന്റെ തുടക്കം ദിവാൻ രാജാകേശവദാസൻ ആലപ്പുഴ തുറമുഖം നിർമ്മിച്ചതോടെയാണ്. പശ്ചിമഘട്ട മലനിരകളിൽ വിളയുന്ന സുഗന്ധവ്യഞ്ജനങ്ങൾ തുറമുഖത്തിൽ എത്തിച്ചേർന്നത് കുട്ടനാടൻ ജലാശയങ്ങളിലൂടെയായിരുന്നു. ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യകാർഷിക സംഘടന (FAO) കുട്ടനാടിനെ ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക വ്യവസ്ഥയായി അംഗീകരിച്ചിട്ടുണ്ട്. സമുദ്രനിരപ്പിന് താഴെയുള്ള കൃഷിയിടങ്ങൾ കുട്ടനാട് കഴിഞ്ഞാൽ നെതർലാൻഡിൽ മാത്രമാണുള്ളത്.



**അടിമക്കച്ചവടം നിലനിന്നിരുന്ന കാലത്ത് കുട്ടനാട്ടിലെ ജന്മികൾ അടിമകളെ വാങ്ങി കാലികളെ പോലെ വീട്ടിൽ വളർത്തി. ഒരു അടിമ കുടുംബത്തിന് പത്ത് പണമായിരുന്നു വില. തിരുവിതാംകൂറിൽ അടിമക്കച്ചവടം നിരോധിച്ചതിനുശേഷം മറ്റു രൂപങ്ങളിൽ അടിമ സമ്പ്രദായം തുടർന്നു. 'ഓണപ്പണിക്കാർ' എന്ന പേരിൽ ജന്മികൾ അടിമപ്പണിക്കാരെ നിലനിർത്തി.**

അടിമക്കച്ചവടം നിലനിന്നിരുന്ന കാലത്ത് കുട്ടനാട്ടിലെ ജന്മികൾ അടിമകളെ വാങ്ങി കാലികളെ പോലെ വീട്ടിൽ വളർത്തി. ഒരു അടിമ കുടുംബത്തിന് പത്ത് പണമായിരുന്നു വില. തിരുവിതാംകൂറിൽ അടിമക്കച്ചവടം നിരോധിച്ചതിനുശേഷം മറ്റു രൂപങ്ങളിൽ അടിമ സമ്പ്രദായം തുടർന്നു. 'ഓണപ്പണിക്കാർ' എന്ന പേരിൽ ജന്മികൾ അടിമപ്പണിക്കാരെ നിലനിർത്തി. കൃഷിപ്പണികൾ ആരംഭിക്കുന്നതിനു മുന്നേ കർഷകത്തൊഴിലാളികളായ അടിസ്ഥാനജന വിഭാഗത്തിൽ നിന്നുള്ളവർ തമ്പുരാനെ കണ്ട് കാഴ്ചകൾ വച്ചു വണങ്ങും. നെല്ലും രൂപയും കടം വാങ്ങും. 'വേലക്കടം' എന്നായിരുന്നു ഇത് അറിയപ്പെട്ടിരുന്നത്. അടുത്ത ഒരു വർഷക്കാലം കടം വാങ്ങിയ തൊഴിലാളിയും അയാളുടെ കുടുംബവും മറ്റെങ്ങും ജോലിക്ക് പോകാതെ ജന്മിക്ക് വേണ്ടി പണിയെടുക്കണം. നേരം വെളുക്കുന്നത് മുതൽ രാവേറെ ചെല്ലുന്നതുവരെ തൊഴിലാളിയും കുടുംബവും ജന്മിയുടെ വീട്ടിലും കൃഷിയിടത്തിലും അടിമപ്പണി ചെയ്യുന്നു. തല്ലാനും കൊല്ലാനും ജന്മിക്ക് അവകാശമുണ്ട്. മങ്കൊമ്പ് കടിയാഴത്ത് തറവാട്ടിലെ കായൽപ്പുറം പാടത്ത് പുറംബണ്ട് തകർന്ന് മട മുറിചേരാതെ വന്നപ്പോൾ പള്ളത്തു മൂത്തപറയൻ എന്ന കർഷകത്തൊഴിലാളിയെ ജീവനോടെ വരമ്പിലെ മട വീണ ഭാഗത്ത് മണ്ണും ചെളിയുമിട്ട് മൂടി ബലി കഴിച്ചത് തലമുറകൾ കൈമാറുന്ന വാചാചരിത്രമാണ്. പേരറിയാത്ത എത്രയോ മനുഷ്യർ കുട്ടനാട്ടിലെ പാടവരമ്പുകളിലെ പശിമയുള്ള മണ്ണിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. നരബലി കഴിക്കപ്പെട്ട കർഷക ത്തൊഴിലാളിയെ 'വല്യ കൊട്ടുങ്കൽ' എന്നപേരിൽ മങ്കൊമ്പ് ചിറപ്പുറത്ത് കുടിയിരുത്തി നാട്ടുകാർ ഇന്നും ആരാധിക്കുന്നു. വിയർപ്പും കണ്ണീരും ചോരയും കലർന്ന കഥകളാണ് ഇവിടത്തെ വയൽവരമ്പുകൾക്കുള്ളത്. കുട്ടനാട്ടിൽ കർഷകത്തൊഴിലാളി പ്രസ്ഥാനം ശക്തിയാർജിച്ചതിനുശേഷമാണ് അടിമപ്പണി അപ്രത്യക്ഷമായത്.

## നെൽകൃഷി അന്നും ഇന്നും

ആദ്യകാലത്ത് കറുത്ത 'ചാര', 'അതിരക്കാലി', തുടങ്ങിയ മൂപ്പുകൂടിയ തനതു നെൽവിത്തിനങ്ങളാണ് കുട്ടനാടൻ നിലങ്ങളിൽ കൃഷി ചെയ്തിരുന്നത്. മൂന്നു വർഷത്തിലൊരിക്കലായിരുന്നു കൃഷി. ഇരുപതാം

നൂറ്റാണ്ടോടെ രണ്ടു വർഷത്തിലൊരിക്കൽ നെൽകൃഷി ചെയ്തു തുടങ്ങി. മണ്ണിന്റെ സ്വാഭാവിക ഉത്പാദനക്ഷമത വീണ്ടെടുക്കുന്നതിനായി കൃഷിയുടെ ഇടവേളകളിൽ ദീർഘകാലം തരിശിടുന്നതിന് 'പഴനിലം' എന്നു വിളിക്കുന്നു. മിഥുനമാസം മുതൽ കൃഷിത്തിരക്കുകൾ ആരംഭിക്കുന്നു. പാടങ്ങളുടെ പുറം വരമ്പ് കുത്തിപ്പൊക്കി ജലചക്രങ്ങൾ ചവിട്ടി പാടത്തെ വെള്ളം വറ്റിക്കുന്നു. ഏഴര നാഴികയുള്ള ഓരോ യാമത്തിലും ഓരോ സംഘം മാറിമാറി രാവും പകലും ചക്രം ചവിട്ടിയാണ് കൃഷിയിടത്തിലെ വെള്ളം വറ്റിച്ചിരുന്നത്. ഇപ്പോൾ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മോട്ടോർ പമ്പുകൾ മുതൽ കൊയ്ത്തുയന്ത്രങ്ങൾ വരെയുള്ള ആധുനിക കൃഷിയുപകരണങ്ങളാണ് ഉപയോഗിക്കുന്നത്.

1940കളിൽ നെൽകൃഷി വർഷത്തിൽ ഒരുതവണ യായി. 1960 കളിലാണ് ഒരാണ്ടിൽ രണ്ടു നെൽകൃഷി നടത്തുവാൻ തുടങ്ങിയത്. മെയ് - ജൂൺ മാസങ്ങളിൽ ആരംഭിച്ച് ഓഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിൽ വിളവെടുക്കുന്ന വിരിമഴകൃഷിയും സെപ്റ്റംബർ - ഒക്ടോബറിൽ തുടങ്ങി ജനുവരി ഫെബ്രുവരിയിൽ വിളവെടുക്കുന്ന പുഞ്ചകൃഷിയുമാണ് ഇപ്പോഴുള്ളത്. 1940 -ൽ സ്ഥാപിതമായ കുട്ടനാട്ടിലെ മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത 'ഉമ'എന്ന നെല്ലിനമാണ് രണ്ടു സീസണുകളിലും പ്രധാനമായും കൃഷി ചെയ്യുന്നത്. വിശ്വപ്രസിദ്ധ കാർഷിക ശാസ്ത്രജ്ഞനായ എം എസ് സ്വാമിനാഥന്റെ നാമധേയത്തിലാണ് ഈ ഗവേഷണ കേന്ദ്രം ഇപ്പോൾ അറിയപ്പെടുന്നത്.

**ഭൂപരിഷ്ക്കരണത്തിന് ശേഷം ചെറുകിട പാട്ടകർഷകർക്ക് ലഭ്യമായ കൃഷിഭൂമികളിൽ കർഷകരെല്ലാം ചേർന്ന് രൂപവത്ക്കരിക്കുന്ന 'പാടശേഖര സമിതി'കളാണ് കൃഷിയുടെ മേൽനോട്ടം വഹിക്കുന്നത്. കർഷകർക്ക് കൃഷി വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ വഴിയും സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ നൽകുന്നു. തരിശുനിലം കൃഷിയോഗ്യമാക്കൽ പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകൾ കുട്ടനാട്ടിലെ നെൽകൃഷിയുടെ വ്യാപ്തി വളരെയേറെ വർദ്ധിപ്പിച്ചിട്ടുണ്ട്.**

ഭൂപരിഷ്ക്കരണത്തിന് ശേഷം ചെറുകിട പാട്ടകർഷകർക്ക് ലഭ്യമായ കൃഷിഭൂമികളിൽ കർഷകരെല്ലാം ചേർന്ന് രൂപവത്ക്കരിക്കുന്ന 'പാടശേഖര സമിതി'കളാണ് കൃഷിയുടെ മേൽനോട്ടം വഹിക്കുന്നത്. കർഷകർക്ക് കൃഷി വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ വഴിയും സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ നൽകുന്നു. തരിശുനിലം കൃഷിയോഗ്യമാക്കൽ പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകൾ കുട്ടനാട്ടിലെ നെൽകൃഷിയുടെ വ്യാപ്തി വളരെയേറെ വർദ്ധിപ്പിച്ചിട്ടുണ്ട്.

## ആവേശമുണർത്തുന്ന ജലമേളകൾ

യാത്രകൾക്കായി ജലപാതകൾ ഉപയോഗിച്ച കുട്ടനാട്ടുകാർ അനേകതരം ജല വാഹനങ്ങൾ ഉപയോഗിച്ചു. ചുരുളൻ വള്ളം, കൂടാരവള്ളം, തോണി, കെട്ടുവള്ളം, കൊച്ചുവള്ളം, കോലൻ, പരുന്തുവാലൻ, കൈവഞ്ചി, പാത്തി, കൂരിത്തലയൻ, ചങ്ങാടം തുടങ്ങിയവ അവയിൽ ചിലതാണ്.

മാർത്താണ്ഡവർമ്മയുടെ കീഴിൽ തിരുവിതാംകൂർ വിപുലീകരിക്കുന്നതിന് മുൻപ് ഇന്നത്തെ കുട്ടനാട് ഉൾപ്പെടുന്ന ചെമ്പകശ്ശേരിയും കായംകുളവും കൊച്ചു നാട്ടുരാജ്യങ്ങളായിരുന്നു. യുദ്ധപ്രിയരായിരുന്നു ചെമ്പകശ്ശേരി- കായംകുളം രാജാക്കന്മാർ. ഭടന്മാരെ ജലമാർഗ്ഗം എത്തിച്ച് കായംകുളം രാജാവിനെ നേരിട്ടാൽ വിജയസാധ്യത കൂടുതലാണെന്ന് പടത്തലവന്മാർ ചെമ്പകശ്ശേരി രാജാവിനെ ഉപദേശിച്ചു. തെങ്ങിൻ കൊതുമ്പിന്റെ ആകൃതിയിൽ കൊടുപ്പുന്ന വെങ്കിടിയിൽ നാരായണനാചാരി നിർമ്മിച്ച 'പടയോട്ടവഞ്ചി'യുടെ മാതൃക രാജാവിന് ഇഷ്ടപ്പെടുകയും കൂടുതൽ വള്ളങ്ങൾ നിർമ്മിക്കുവാൻ രാജാവ് ഉത്തരവിടുകയും ചെയ്തുവെന്നാണ് ചുണ്ടൻ വള്ളങ്ങളുടെ ഉല്പത്തിയെക്കുറിച്ചുള്ള കഥ. പിന്നീട് മാർത്താണ്ഡവർമ്മ നായന്മാരുടെ പടനീക്കത്തിനായി ചുണ്ടൻ വള്ളങ്ങൾ ഉപയോഗിച്ചു. എല്ലാവർഷവും പുന്നമടക്കായലിൽ നടക്കുന്ന വിശ്വപ്രസിദ്ധമായ ജലോത്സവത്തിൽ ചുണ്ടൻ വള്ളങ്ങളുടെ മത്സരം സവിശേഷമാണ്. 'വള്ളംകളി' കുട്ടനാടിന്റെ ആവേശമാണ്. ഏതാണ്ട് നാല് നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ട് വള്ളംകളിക്ക്. പമ്പാനദിയിൽ ചമ്പക്കുളത്ത് ചെമ്പകശ്ശേരി രാജാവാണ് ഇതിന് പ്രാരംഭം കുറിച്ചത്. ചമ്പക്കുളം മൂലം വള്ളംകളിയോടെയാണ് ജലമേളകളുടെ തുടക്കം. നീരേറ്റുപുറം, പായിപ്പാട് ,പുന്നമടക്കായലിലെ നെഹ്രുട്രോഫി വള്ളംകളി എന്നിവ ശ്രദ്ധേയമാണ്. വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2019 ൽ ആരംഭിച്ച 'ചാംപ്യൻസ് ബോട്ട് ലീഗ്' (CBL) കേരളത്തിൽ പലയിടങ്ങളിലായി എല്ലാ വർഷവും പതിനാല് മത്സരവള്ളംകളികൾ നടത്തുന്നു. ഇവയിൽ അഞ്ചെണ്ണം ആലപ്പുഴ ജില്ലയിലാണ്. കൈനകരി, ധർമ്മടം, താഴത്തങ്ങാടി, ചെറുവത്തൂർ, പിറവം, മറൈൻ ഡ്രൈവ്, ബേപ്പൂർ, കോട്ടപ്പുറം, പുളിങ്കുന്ന്,



'വള്ളംകളി' കുട്ടനാടിന്റെ ആവേശമാണ്. ഏതാണ്ട് നാല് നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ട് വള്ളംകളിക്ക്. പമ്പാനദിയിൽ ചമ്പക്കുളത്ത് ചെമ്പകശ്ശേരി രാജാവാണ് ഇതിന് പ്രാരംഭം കുറിച്ചത്. ചമ്പക്കുളം മൂലം വള്ളം കളിയോടെയാണ് ജലമേളകളുടെ തുടക്കം. നീരേറ്റുപുറം, പായിപ്പാട്, പുന്നമടക്കായലിലെ നെഹ്റുട്രോഫി വള്ളംകളി എന്നിവ ശ്രദ്ധേയമാണ്.

കരുവാറ്റ, പാണ്ടനാട്, കായംകുളം, കല്ലട, കൊല്ലം എന്നിവയാണ് സി.ബി.എൽ മത്സരവള്ളം കളി കേന്ദ്രങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജനകീയമായാണ് സംഘാടനം.

## വിനോദ സഞ്ചാരം

കുട്ടനാട്ടിൽ ചരക്കുനീക്കത്തിനായി 'കെട്ടുവള്ള ങ്ങൾ' എന്ന് അറിയപ്പെട്ടിരുന്ന വലിയ വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത്. അക്കാലം കൊച്ചിയിലേക്കും കൊല്ലത്തേക്കും ആലപ്പുഴ തുറമുഖത്തേക്കും കാറ്റുപായകൾ വിടർത്തി ചരക്കു വള്ളങ്ങൾ നീങ്ങി യിരുന്നു. കെട്ടുവള്ളങ്ങളിൽ ഒന്നിലേറെ പണിക്കാരു ണ്ടാവും. ദിവസങ്ങൾ നീളുന്ന യാത്രയായതിനാൽ വള്ളത്തിൽ പനമ്പും ഓലയും കയറും കൊണ്ട് ഒരു കുടിൽ പോലെ 'വളവര' സ്ഥാപിച്ചിട്ടുണ്ടാവും. അതിനുള്ളിലാണ് പണിക്കാരുടെ പാചകവും ഉറക്കവും. റോഡുമാർഗ്ഗമുള്ള ചരക്കുനീക്കം വർദ്ധിച്ച തോടെ കെട്ടുവള്ളങ്ങൾ കുറഞ്ഞു. 1990 കളിൽ അവ വീണ്ടും കുട്ടനാടൻ ജലാശയങ്ങളിൽ ദൃശ്യമായി തുടങ്ങി. ആഡംബര ജലയാത്ര ആഗ്രഹിക്കുന്ന വിനോദ സഞ്ചാരികൾക്കു വേണ്ടിയുള്ള പുരത്തോണി കളുടെ പുതിയ രൂപത്തിൽ. 'ആലപ്പുഴ തുറമുഖ രജിസ്ട്രി'യുടെ കണക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട 746 ഹൗസ് ബോട്ടുകളാണുള്ളത്. രജിസ്റ്റർ ചെയ്യാതെ 750 തിലേറെ ഹൗസ് ബോട്ടുകൾ വേറെയുമുണ്ട്. 1500 ലേറെ ഹൗസ് ബോട്ടുകളാണ് വിനോദ സഞ്ചാരി കളുമായി പകൽനേരം കുട്ടനാട്ടിലെ കായലുകളിലൂടെ നീങ്ങുന്നത്. ഇത് ഒരേ സമയം സാധ്യതകളും വെല്ലുവിളികളും ഉയർത്തുന്നുണ്ട്.

ആഡംബരത്തിൽ നിന്നു മാറി പ്രാദേശിക സംസ്കാരവുമായി ഇഴുകി ചേരാനും അവിടത്തെ രുചികളും കലകളും ആസ്വദിക്കാനുമെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കേരള വിനോദസഞ്ചാര വകുപ്പിന്റെ കണക്ക് പ്രകാരം 2023 ൽ 744352 ആഭ്യന്തര വിനോദസഞ്ചാരികളും 31,403 വിദേശ വിനോദ സഞ്ചാരികളും ആലപ്പുഴ ജില്ലസന്ദർശിച്ചു. ഇവരിൽ തൊണ്ണൂറ് ശതമാനം പേ രും കുട്ടനാട്ടിലെ ഉൾനാടൻ ജലാശയങ്ങളുടെ സൗന്ദര്യം നുകരാനെത്തിയവരാണ്. ഹോംസ്റ്റേകൾ, റിസോർട്ടുകൾ, പാരമ്പര്യ സൗഖ്യചികിത്സാകേന്ദ്രങ്ങൾ (traditional wellness clinics) എന്നിവയെല്ലാം ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു. ഇവിടെയാണ് കേരള ഗവൺമെന്റ് 2017 ൽ ആരംഭിച്ച ഉത്തരവാദിത്ത വിനോദസഞ്ചാര മിഷന്റെ (Responsible Tourism Mission) പ്രസക്തി. ആർ.റ്റി. മിഷന്റെ പ്രോജക്ടുകളിലൊന്നാണ് 'പെപ്പർ' (PEPPER-People's Participation through Parcipatory Planning and

**ജനങ്ങൾക്ക് കൂട്ടത്തോടെ താമസിക്കാൻ കഴിയുന്ന സ്ഥലങ്ങൾ കുട്ടനാട്ടിൽ കുറവാണ്. വിശാലമായ ജലാശയ ഭാഗങ്ങൾ കൃഷിഭൂമിയായി മാറ്റിത്തീർത്തപ്പോൾ ഉണ്ടായ മൺചിറകളാണവ. കാലാന്തരത്തിൽ തീരെ കുറച്ചിടത്ത് കൂടുതലാളുകൾ താമസിക്കാൻ തുടങ്ങിയപ്പോൾ കുട്ടനാടിന്റെ പാരിസ്ഥിതിക സന്തുലനം തെറ്റി.**





Empowerment through Responsible tourism) തദ്ദേശീയ ജനതയുടെ സഹകരണത്തോടെ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. വിനോദസഞ്ചാര വ്യവസായത്തിന് അനുയോജ്യമായ വിവിധ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനായി ജനങ്ങൾക്ക് പരിശീലനങ്ങൾ നൽകുക, സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുക എന്നിവയെല്ലാം ആർ.റ്റി. മിഷൻ ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം ഗ്രാമസഭകൾ നടത്തു കയും പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലായി ആർ.റ്റി. മിഷന് 3236 രജിസ്ട്രേഡ് യൂണിറ്റുകളാണുള്ളത്. .ഇവയിൽ 1008 എണ്ണം കുട്ടനാട്ടിലാണ്. 'ക്ലീൻ വേമ്പനാട് ഇനീഷ്യേറ്റീവ്' ആണ് മറ്റൊരു പ്രോജക്ട്. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഹൗസ് ബോട്ടുകളിലെ മാലിന്യങ്ങൾ നീക്കുകയും ഹൗസ് ബോട്ട് ഉടമകൾക്ക് ശാസ്ത്രീയമായ മാലിന്യ സംസ്കരണ പരിശീലനങ്ങൾ നടത്തുകയുമാണ് ഈ പ്രോജക്ടിലൂടെ ചെയ്യുന്നത്.

## പാരിസ്ഥിതിക സന്തുലനം

ജനങ്ങൾക്ക് കൂട്ടത്തോടെ താമസിക്കാൻ കഴിയുന്ന സ്ഥലങ്ങൾ കുട്ടനാട്ടിൽ കുറവാണ്. വിശാലമായ ജലാശയ ഭാഗങ്ങൾ കൃഷിഭൂമിയായി മാറ്റിത്തീർത്തപ്പോൾ ഉണ്ടായ മൺചിറകളാണവ. കാലാന്തരത്തിൽ തീരെ കുറച്ചിടത്ത് കൂടുതലാളുകൾ താമസിക്കാൻ തുടങ്ങി.

2007 ൽ എം. എസ്. സ്വാമിനാഥൻ ഫൗണ്ടേഷന്റെ വിശദമായ പഠന റിപ്പോർട്ട് (Measures to mitigate Agrarian Distress in Alappuzha and Kuttanadu Wetland ecosystem) പുറത്തുവന്നു. 'കുട്ടനാട് പാക്കേജ് ' എന്നറിയപ്പെടുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ സാക്ഷാത്ക്കരിക്കപ്പെടേണ്ടിയിരിക്കുന്നു.

ആധുനിക കാലത്ത് ജലഗതാഗതത്തെ മാത്രം ആശ്രയിക്കാനാവാത്ത സാഹചര്യത്തിലാണ് ആലപ്പുഴയിൽ ജലസേചന വകുപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന പി.എച്ച്. വൈദ്യനാഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആലപ്പുഴയേയും ചങ്ങനാശ്ശേരിയേയും ബന്ധിപ്പിച്ചു കൊണ്ടുള്ള റോഡ് (എ.സി. റോഡ്) നിർമ്മിക്കപ്പെട്ടത്. 2018ലെ പ്രളയത്തിനു ശേഷം സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ കുട്ടനാടിന്റെ പുനരുജ്ജീവനം എപ്രകാരമാവണമെന്ന ഒരു പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (A Special Package for Post-flood Kuttanadu -2019) ഈ പഠന റിപ്പോർട്ടിലും ഉത്തരവാദ ടൂറിസം പ്രധാന സാധ്യതയായി ചൂണ്ടിക്കാട്ടുന്നുണ്ട്.

(തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരനാണ് ലേഖകൻ)

ഷിജു ഏലിയാസ്

# മാനവീയം

## ഭാവിയിലേക്ക് തുറക്കുന്ന സംസ്കാരത്തിന്റെ ഇടനാഴി





**മ്യൂസിയം – വെള്ളയമ്പലം റോഡിലെ വയലാർ പ്രതിമക്കും ആൽത്തറ ജംഗ്ഷനിലെ ജി. ദേവരാജൻ പ്രതിമക്കുമിടയിലെ 180 മീറ്ററോളം നീളമുള്ള ഈ സാംസ്കാരിക ഇടനാഴി ജനങ്ങൾക്ക് ഒത്തുകൂടാനും ആശയവിനിമയം നടത്താനും പൊതുപരിപാടികളിൽ പങ്കെടുക്കാനുമുള്ള സുരക്ഷിതവും ആകർഷകവുമായ പൊതുയിടമാണ്.**

സംസ്ഥാനത്തെ ആദ്യ നൈറ്റ് ലൈഫ് കേന്ദ്രമെന്ന് വിശേഷിപ്പിക്കപ്പെടുന്ന തിരുവനന്തപുരം നഗരത്തിലെ മാനവീയം വീഥി പുതിയ കാലഘട്ടത്തിലേക്ക് പരുവപ്പെടുന്ന ആധുനിക നഗരജീവിതത്തിന്റെ മുഖമാണ്. മ്യൂസിയം – വെള്ളയമ്പലം റോഡിലെ വയലാർ പ്രതിമക്കും ആൽത്തറ ജംഗ്ഷനിലെ ജി. ദേവരാജൻ പ്രതിമക്കുമിടയിലെ 180 മീറ്ററോളം നീളമുള്ള ഈ സാംസ്കാരിക ഇടനാഴി ജനങ്ങൾക്ക് ഒത്തുകൂടാനും ആശയവിനിമയം നടത്താനും പൊതുപരിപാടികളിൽ പങ്കെടുക്കാനുമുള്ള സുരക്ഷിതവും ആകർഷകവുമായ പൊതുയിടമാണ്. കിഴക്കുഭാഗത്ത് കെൽട്രോൺ ഓഫീസ് സമുച്ചയത്തിനും പടിഞ്ഞാറ് വാട്ടർ അതോറിറ്റി സമുച്ചയത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്ന ഈ വീഥി നഗരമെന്ന് തോന്നിക്കാത്ത വിധം ഇരുവശത്തും വളർന്നു നിൽക്കുന്ന കൂറ്റൻ മരങ്ങളുടെ തണലും പച്ചപ്പും നിറഞ്ഞതാണ്.

സമ്പന്ന – ദരിദ്ര വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുമിച്ചു കൂടാനും പരസ്പരം ഇടപഴകാനും ആശയപരവും സാംസ്കാരികവുമായ കൊടുക്കൽ വാങ്ങലുകളിൽ ഏർപ്പെടാനും കഴിയുന്ന ആധുനിക തെരുവിടങ്ങൾ സൃഷ്ടിക്കുക എന്നുള്ളത് പുതിയ കാലഘട്ടത്തിൽ നഗരാസൂത്രണത്തിന്റെ പ്രധാന പരിഗണനകളിൽ ഒന്നായി മാറുകയാണ്. ഏറ്റവും സജീവമായ സാംസ്കാരിക വിനിമയങ്ങൾ സംഭവിക്കുന്നത് തെരുവിലാണ്. അത് കലാപരമായ ആവിഷ്കാരങ്ങളോ അവതരണങ്ങളോ മാത്രമല്ല. തെരുവിൽ പരസ്പരം ഇടപഴകുന്നവർക്ക് ഇടയിൽ രൂപപ്പെടുന്ന ബന്ധങ്ങളുടെ വ്യവസ്ഥയാണ് തെരുവിന്റെ സംസ്കാരം.

1990കളിലാണ് തിരുവനന്തപുരം നഗരത്തിൽ ഒരു സാംസ്കാരിക ഇടനാഴിയെന്ന ആശയം ഉയർന്നു വന്നത്. കലകൾക്കും സാംസ്കാരിക വിനിമയങ്ങൾക്കുമായി ഒരു തുറന്ന പൊതുയിടം വേണമെന്ന ആവശ്യം സാംസ്കാരിക പ്രവർത്തകർ മുന്നോട്ട് വെച്ചു. തെരുവോര കലാവിഷ്കാരങ്ങൾ ദൈനംദിന നഗരജീവിതവുമായി ഇഴചേരുന്ന പാരീസ്, ബെർലിൻ, ആംസ്റ്റർഡാം തുടങ്ങിയ യൂറോപ്യൻ നഗരങ്ങളിലെ തെരുവുകളുടെ മാതൃക കേരളത്തിലും സാധ്യമാക്കാൻ കഴിയുമെന്ന് സാംസ്കാരിക പ്രവർത്തകർ അഭിപ്രായപ്പെട്ടു. നഗരത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥിതിചെയ്യുന്ന താരതമ്യേന വീതി കുറഞ്ഞ ഈ പാത അതിന് ഏറ്റവും അനുയോജ്യമായിരുന്നു. ട്രിവാൻഡ്രം നാഷണൽ ക്ലബ്ബിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന സ്ഥലമാണ് സർക്കാർ ഏറ്റെടുത്തതും പിന്നീട് മാനവീയം വീഥിയായി വികസിപ്പിച്ചതും.

തിരക്കുള്ള നഗരത്തിലെ ഏതാനും പൊതുസ്ഥലങ്ങൾ വാഹനഗതാഗതം ഒഴിവാക്കി കലാ – സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുക എന്നത് ജനങ്ങളുടെ സാംസ്കാരിക പ്രബുദ്ധതയ്ക്കും പിരിമുറുക്കമില്ലാത്ത സന്തോഷ ജീവിതത്തിനും പ്രാധാന്യം നൽകുന്ന നഗരാസൂത്രണ സമീപനത്തിന്റെ ഭാഗമാണ്. വികസിത സമൂഹങ്ങളിൽ ഇതിന് വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്.

ലോകത്തിലെ പല മഹാനഗരങ്ങളിലും വാഹനങ്ങൾക്ക് പ്രവേശനമില്ലാത്ത കാൽനട തെരുവുകളുണ്ട്. ചരിത്ര പ്രാധാന്യമുള്ള തെരുവുകൾ കാൽനടയാത്രക്കാർക്കായി തുറന്നിട്ട് അവിടെ കലാപ്രകടനങ്ങൾ, പുരാവസ്തു പ്രദർശനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന രീതിയും നിലവിലുണ്ട്. ആഴ്ചാവസാനങ്ങളിൽ ചില പ്രധാന റോഡുകൾ അടച്ച് അവിടെ ഉൽപ്പന്നങ്ങൾ വിൽക്കാനും പ്രാദേശിക കലാകാരന്മാർക്ക് പ്രകടനങ്ങൾ നടത്താനും അവസരം നൽകുന്ന നഗരങ്ങളുമുണ്ട്. പ്രാദേശിക

**തിരക്കുള്ള നഗരത്തിലെ ഏതാനും പൊതുസ്ഥലങ്ങൾ വാഹനഗതാഗതം ഒഴിവാക്കി കലാ – സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുക എന്നത് ജനങ്ങളുടെ സാംസ്കാരിക പ്രബുദ്ധതയ്ക്കും പിരിമുറുക്കമില്ലാത്ത സന്തോഷ ജീവിതത്തിനും പ്രാധാന്യം നൽകുന്ന നഗരാസൂത്രണ സമീപനത്തിന്റെ ഭാഗമാണ്. വികസിത സമൂഹങ്ങളിൽ ഇതിന് വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്.**






പരിണാമവുമാണ് മാനവീയം വീഥി അടയാളപ്പെടുത്തുന്നത്.

വമ്പൻ എടുപ്പുകളിലെ ഹാളുകൾക്കും ശീതീകരിച്ച അകത്തളങ്ങൾക്കും പറയാൻ കഴിയാത്ത കാര്യങ്ങളാണ് തെരുവുകൾ പറയുന്നത്. തെരുവു നാടകമായാലും മറ്റ് അവതരണങ്ങൾ ആയാലും, ചിത്ര- ശില്പ പ്രദർശനങ്ങൾ ആയാലും, സാധാരണ മനുഷ്യർക്ക് ഇടയിലെ പരസ്പര ബന്ധങ്ങൾ ആയാലും, തെരുവുകളിൽ പങ്കുവയ്ക്കപ്പെടുന്ന അനുഭവം ഒന്ന് വേറെയാണ്. സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളോടുള്ള തീക്ഷണമായ വിമർശനം തെരുവ് കലകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു.

ഓഡിറ്റോറിയങ്ങളിൽ അവസരം കിട്ടാത്തതും അത്തരം ഇടങ്ങളിൽ പറഞ്ഞാൽ ഫലമില്ലാത്തതുമായ കാര്യങ്ങൾ പൊതുജനങ്ങളുമായി സംവദിക്കുന്നതിനു വേണ്ടിയാണ് കലാകാരന്മാർ തെരുവ് നാടകം പോലുള്ള ആവിഷ്കാര രൂപങ്ങളിലേക്ക് തിരിഞ്ഞത്.

കലാകാരന്മാരുടെ പ്രകടനങ്ങൾക്ക് വേദിയും തനത് കരകൗശല വസ്തുക്കൾക്കും നാടൻ ഭക്ഷ്യവിഭവങ്ങൾക്കും വിപണിയും നൽകുന്നതിലൂടെ ഇവ നഗരങ്ങളുടെ സാമ്പത്തിക ഉത്തേജകങ്ങളായും പ്രവർത്തിക്കുന്നു. ഏറ്റവും വിലകൂടിയ കലാസൃഷ്ടികൾ (ചിത്രങ്ങൾ, ശിൽപ്പങ്ങൾ മുതലായവ) തെരുവുകളിൽ വിൽപ്പനയ്ക്ക് വെച്ചിരിക്കുന്നത് വികസിത രാജ്യങ്ങളിലെ ചില വൻ നഗരങ്ങളിൽ കാണാം.

കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യയിലെ ചില നഗരങ്ങളിലും ഇത്തരത്തിൽ സാംസ്കാരിക തെരുവുകൾ വികസിച്ചു വരികയുണ്ടായി. ഡൽഹിയടക്കമുള്ള മഹാനഗരങ്ങളിലെ തിരക്കേറിയ ചില നിരത്തുകളിൽ കാൽനടയാത്രക്കാർക്ക് മുൻഗണന നൽകുന്നതിനായി വാഹനഗതാഗതം നിയന്ത്രിച്ചിട്ടുണ്ട്. രാജ്യത്തിന് അകത്തും പുറത്തുമുള്ള ഇത്തരം അനുഭവങ്ങൾ നഗരസംവിധാനത്തിന്റെ ഭാഗമാക്കുന്നതിലൂടെ തലസ്ഥാന നഗരിയുടെ സാംസ്കാരിക ഉള്ളടക്കം ശക്തിപ്പെടുത്തുന്നതിന് തൊണ്ണൂറുകൾ മുതൽക്ക് നടത്തിയ ഇടപെടലുകളുടെ ചരിത്രവും അതോടൊപ്പം കലയും സംസ്കാരവും സംബന്ധിച്ച ആശയങ്ങളുടെ



മാനവീയം വീഥി എനിക്ക് വെറുമൊരു വഴിയിടമല്ല. അത് സംഭാഷണങ്ങൾ കൊണ്ട് ഊർജ്ജസ്വലമാവുകയും നിശ്ശബ്ദത പോലും കലയായി മാറുകയും ചെയ്യുന്ന ഒരു തുറന്ന അരങ്ങാണ്. പ്രായ-ലിംഗഭേദമന്യേ ആർക്കും യാതൊരു മുന്നറിയിപ്പുമില്ലാതെ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനും ആശയങ്ങൾ കൈമാറാനും കലയെ തൊട്ടറിയാനും അവസരം നൽകുന്ന ഒരു ജനകീയ ഇടമാണത്. ഇവിടെ ആരും കേവലം കാണിയല്ല. മറിച്ച്, സമൂഹത്തിന്റെ ചലനങ്ങളെ സ്വാധീനിക്കുന്ന സജീവ ഘടകമാണ്. ഇവിടെ കല മാത്രമല്ല, സാമൂഹിക പ്രതിബദ്ധതയും നാളെയെക്കുറിച്ചുള്ള പ്രതീക്ഷകളും പങ്കുവയ്ക്കപ്പെടുന്നു. ഇവിടെ വെച്ചാണ് എന്റെ ചിന്തകൾക്ക് മൂർച്ച കൂടുന്നതും ജീവിതവീക്ഷണത്തിന് പുതിയ മാനങ്ങൾ കൈവരുന്നതും.

**രാജ് കുമാർ**

കൺവീനർ
മാനവീയം കോഫിക്കൂട്ടം



മനുഷ്യരെ തമ്മിൽ വേർതിരിക്കുന്ന വ്യത്യാസങ്ങൾക്ക് എതിരെയാണ് എല്ലാ കാലത്തും തെരുവിലെ കലയും ആവിഷ്കാരങ്ങളും നിലകൊണ്ടത്. കേരളത്തിന്റെ മതേതര തനിമയും സഹിഷ്ണുതയും ഉയർത്തി പിടിക്കുന്നതിൽ തെരുവിടങ്ങൾ പ്രധാന പങ്കു വഹിച്ചു.




കലയുടെയും സംസ്കാരത്തിന്റെയും പതിവ് വേദികളിൽ നിന്ന് അകലം പാലിച്ചവർക്കും മുഖ്യ ധാരയിൽനിന്ന് മാറ്റിനിർത്തപ്പെട്ടവർക്കും ഇടയിലേക്ക് ആവിഷ്കാരങ്ങൾ ഇറങ്ങി വന്നത് ഇതടക്കമുള്ള തെരുവുകലകളിലൂടെയാണ്. ഇത്തരം ആവിഷ്കാര ങ്ങൾക്ക് വേണ്ടി പ്രത്യേക തെരുവ്/ തെരുവുകൾ ഒരുക്കുന്നത് സംസ്കാരത്തോടും കലയോടുമുള്ള പഴയകാല സമീപനം മാറ്റിപ്പണിയുന്ന ഇടപെടലാണ്.

മനുഷ്യരെ തമ്മിൽ വേർതിരിക്കുന്ന വ്യത്യാസ ങ്ങൾക്ക് എതിരെയാണ് എല്ലാ കാലത്തും തെരുവിലെ കലയും ആവിഷ്കാരങ്ങളും നിലകൊണ്ടത്. കേരളത്തിന്റെ മതേതര തനിമയും സഹിഷ്ണുതയും ഉയർത്തി പിടിക്കുന്നതിൽ തെരുവിടങ്ങൾ പ്രധാന പങ്കു വഹിച്ചു. താൻ ജീവിക്കുന്ന സമൂഹത്തെ പറ്റി ഒരു കലാകാരന് മറ്റുള്ളവരുടേതിൽ നിന്ന് തീർത്തും വ്യത്യസ്തമായ അഭിപ്രായം പ്രകടിപ്പിക്കണമെങ്കിൽ അതിന് ഏറ്റവും എളുപ്പത്തിൽ ആശ്രയിക്കാവുന്നതും തെരുവിടങ്ങൾ തന്നെ. ജനതയെ ഒന്നിച്ച് നിർത്തു ന്നതിലും പരസ്പര സഹകരണവും സാമൂഹിക സങ്കലനവും ഉറപ്പാക്കുന്നതിലും ആശയപരവും സംസ്കാരികവുമായ ഇത്തരം കൊടുക്കൽ വാങ്ങലുകളുടെ പങ്ക് ചെറുതല്ല. വേദികൾ നഷ്ടപ്പെടുന്ന നാടൻ കലകൾക്കും അത്രയൊന്നും അറിയപ്പെടാത്ത കലാകാരന്മാർക്കും ഇവ അവസരം ഒരുക്കുന്നു.



കേരളത്തിലെ ആദ്യ നൈറ്റ് ലൈഫ് കേന്ദ്രം കൂടിയായ മാനവീയം വീഥി യുവതയ്ക്ക് സ്വാതന്ത്ര്യത്തോടെ ആടാനും പാടാനും ആഹ്ലാദത്തോടെ സൗഹൃദം പങ്കിടാനും, അതോടൊപ്പം, ഗൗരവമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനുമുള്ള ഇടമാണ്. വിഷയങ്ങൾ എന്തുതന്നെയായാലും, അത് പ്രാദേശികമായാലും അന്തർദേശീയമായാലും, പുതിയ തലമുറയിലേക്ക് മാനവികതയുടെ സന്ദേശമെത്തിക്കാൻ കഴിയുന്ന രീതിയിൽ മാനവീയം തെരുവിടം കൂട്ടായ്മ അത് ചർച്ച ചെയ്യുന്നു.

**ജയൻ മൺറോ**

ബാങ്ക് ഉദ്യോഗസ്ഥനും ഗായകനും




2001-ലാണ് മാനവീയം വീഥി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത്. പദ്ധതിയുടെ ഭാഗമായി, ചെറിയ ഇരിപ്പിടങ്ങൾ, നടപ്പാതകൾ, ലൈറ്റിംഗ് എന്നിവ സ്ഥാപിച്ചു. വീഥിയുടെ വശങ്ങളിലുള്ള കെട്ടിടങ്ങളുടെയും മതിലുകളുടെയും ഭിത്തികളിൽ കലാകാരന്മാർ ചിത്രങ്ങൾ വരച്ചു. ഇത് ഈ വീഥിക്ക് ഒരു 'ആർട്ട് സ്ട്രീറ്റ്' എന്ന പദവി നേടിക്കൊടുത്തു. ആർട്ടിസ്റ്റ് നമ്പൂതിരി ഉൾപ്പെടെയുള്ള പ്രമുഖർ ഇതിൽ പങ്കാളികളായി. ഔദ്യോഗിക ഉദ്ഘാടനത്തിന് മുൻപേ തന്നെ ഈ വീഥി കലാകാരന്മാരുടെയും സാമൂഹിക പ്രവർത്തകരുടെയും ഒത്തുചേരൽ കേന്ദ്രമായിരുന്നു. അവർ തങ്ങളുടെ പ്രകടനങ്ങൾക്കും പ്രതികരണങ്ങൾക്കും ഈ സ്ഥലം തിരഞ്ഞെടുത്തു.

ക്രമേണ നഗരത്തിലെ സാംസ്കാരിക പരിപാടികളുടെ പ്രധാന വേദികളിലൊന്നായി ഇത് മാറി. തെരുവുനാടകങ്ങളും കലാപ്രകടനങ്ങളും ഇവിടെ പതിവായി. നാടകം, സംഗീതം, നൃത്തം, സാഹിത്യ ചർച്ചകൾ, ചിത്രപ്രദർശനങ്ങൾ, മറ്റ് കലാപ്രകടനങ്ങൾ എന്നിവ അടച്ചിട്ട ഹാളുകളിൽനിന്ന് ജനങ്ങൾക്ക് ഇടയിലേക്ക് ഇറങ്ങിയത് മാനവീയം വീഥി സജീവമായതോടെയാണ്. പുസ്തക പ്രകാശനങ്ങൾക്കും വായനക്കാരും എഴുത്തുകാരും തമ്മിലുള്ള സംവാദങ്ങൾക്കും കവിസമ്മേളനങ്ങൾക്കും മാനവീയം വേദിയായി. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഇവിടെ പതിവായി. ചിറകടിയൊച്ചകൾ, അവനവൻ കടമ്പ, ഗദ്ദികക്കാരന്റെ തീപ്പന്തം തുടങ്ങിയ പ്രസിദ്ധങ്ങളായ നിരവധി നാടകങ്ങൾക്ക് മാനവീയം വേദിയായി. ഒ.എൻ.വി, സുഗതകുമാരി, അടൂർ ഗോപാലകൃഷ്ണൻ, സക്കറിയ എന്നിവരടക്കമുള്ള സാംസ്കാരിക നായകർ ഒരിക്കൽ അല്ലെങ്കിൽ മറ്റൊരിക്കൽ ഇതിലെ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

യാഥാസ്ഥിതിക മൂല്യബോധത്തെ വെല്ലുവിളിച്ച് ചിന്തകളെ പ്രകോപിപ്പിക്കുന്ന പ്രകടനങ്ങൾ അടച്ചിട്ട ഹാളുകളിൽ സാധാരണമല്ല. മനുഷ്യർ തുറന്ന മനസ്സുമായി ഇറങ്ങി സഞ്ചരിക്കുന്ന തെരുവുകളിൽ നിന്നാണ് അത്തരം ആവിഷ്കാരങ്ങൾ ജനമനസ്സുകളിൽ പടരുന്നത്. തെരുവു കാഴ്ചകളിൽനിന്ന് മനസ്സിൽ പതിയുന്നത് ഓർമ്മകളിൽ മായാതെ നിൽക്കും. മനുഷ്യന്റെ ചിന്തയും സംസ്കാരവും രൂപപ്പെടുത്തുന്നതിൽ അത് പ്രധാന പങ്ക് വഹിക്കും. മനുഷ്യർക്കിടയിലെ വേർതിരിവുകൾ അപ്രസക്തമാക്കുന്ന തെരുവനുഭവങ്ങൾ ഒരുക്കുന്നതിലൂടെ വിശാല മാനവികതയിൽ ചുവടുറപ്പിക്കാൻ ഇത് നഗരസമൂഹത്തെ സജ്ജമാക്കുന്നു.

ഹാൾ വാടകക്കോ വിലപിടിച്ച കോസ്റ്റ്യൂമുകൾക്കോ പ്രോപ്പർട്ടികൾക്കോ പണം മുടക്കാതെ ഒരു നാടകം അവതരിപ്പിക്കണമെങ്കിൽ അതിന് ആശ്രയിക്കാവുന്ന വേദി തെരുവും സ്വീകരിക്കാവുന്ന സങ്കേതം തെരുവു നാടകത്തിന്റേതുമാണ്. വാഹനങ്ങൾ ചീറിപ്പായുന്ന ശബ്ദായമാനമായ തെരുവുകളിൽ അത്തരം സാംസ്കാരിക വിനിമയങ്ങൾക്ക് സാധ്യതയില്ല. വാഹന ഗതാഗതം നിയന്ത്രിച്ചും സൗകര്യങ്ങൾ സജ്ജീകരിച്ചും പ്രത്യേകം ഒരുക്കുന്ന തെരുവുകൾക്ക് അവയുടെ സാംസ്കാരിക ജീവിതം തിരിച്ചു പിടിക്കാൻ കഴിയും.

തെരുവുകളിലെ മനുഷ്യർ അനുഭവിക്കുന്ന സ്വാതന്ത്ര്യവും സ്വാശ്രയ ബോധവും തെരുവിലെ ആവിഷ്കാരങ്ങൾക്കും പകർന്നു കിട്ടുന്നു. കൂടുതൽ സ്വാതന്ത്ര്യ ബോധമുള്ള ഒരു പൗര സമൂഹം രൂപപ്പെടുന്നത് ഇത്തരം ആവിഷ്കാരങ്ങളുടെ കൂടി ബലത്തിലാണ്. ഇതിന് സർക്കാർ സംവിധാനത്തിന്റെ പിന്തുണ എങ്ങനെ ഉറപ്പാക്കാൻ കഴിയുമെന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ് മാനവീയം വീഥി. ജനാധിപത്യവും പൗരബോധവും ശക്തിപ്പെടുന്നതിന് തടസ്സം നിൽക്കുന്ന സങ്കുചിത പരിഗണനകളെ ഇത്തരം തെരുവിടങ്ങൾ വെല്ലുവിളിക്കുന്നു.



റിട്ടയർ ആയ ശേഷമാണ് വൈകുന്നേരങ്ങൾ ചിലവിടാൻ ഞാൻ മാനവീയത്തിൽ പോയിത്തുടങ്ങിയത്. പകലത്തെ ജോലി കഴിഞ്ഞു വിശ്രമിക്കാൻ എത്തുന്നവർ, കൂട്ടുകാരുമൊത്തു വിശേഷം പങ്കിടുന്നവർ, കൊച്ചു കുഞ്ഞുങ്ങളുമായി എത്തുന്ന മാതാപിതാക്കൾ, പുതിയ സിനിമ, നാടകത്തിന്റെ ചർച്ചകൾ, രാഷ്ട്രീയ സംവാദങ്ങൾ വിവിധങ്ങളായ സംഗീത കൂട്ടായ്മകൾ, റീലുകളുടെ നിർമാണത്തിൽ ഏർപ്പെടുന്ന കലാകാരൻമാർ, വിവാഹ ഫോട്ടോ ഷൂട്ടിംഗിനായി എത്തുന്നവർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലയിൽ നിന്നുള്ളവർ വന്നെത്തുന്ന ഇടമാണ് മാനവിയം വീഥി. സദാസമയം പോലീസിന്റെയും പിങ്ക് പോലീസിന്റെയും മേൽനോട്ടത്തിൽ ക്യാമറയുടെ നിരീക്ഷണത്തിൽ ഉള്ള വീഥി. ഒരു കാലത്തു കൂരിരുട്ട് നിറഞ്ഞ വഴിയുടെ മറവിൽ യക്ഷിയുടെയും കൊള്ളക്കാരുടെയും പേരിൽ പേടിച്ചിരുന്ന വീഥി ഇന്ന് പ്രകാശപൂരിതമായ സുരക്ഷിതവും ഭയരഹിതവുമായ വീഥിയായി മാറിയിരിക്കുന്നു.

**ലേഖ പി ആർ**

തിയേറ്റർ ആക്റ്റിവിസ്റ്റ്

അമൃത് (AMRUT) പദ്ധതിയിൽ ഉൾപ്പെടുത്തി (2.68 കോടി രൂപ ചിലവിൽ) നവീകരിച്ച മാനവീയം വീഥിയാണ് ഇന്ന് കാണുന്നത്. 2022-2023ൽ ഏറ്റെടുത്ത നൈറ്റ് ലൈഫ് ആൻഡ് വാക്ക് വേ പ്രോജക്ട് കലാപ്രകടനങ്ങൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ആധുനിക ലൈറ്റിംഗ് സംവിധാനങ്ങൾ, കൂടുതൽ ഇരിപ്പിടങ്ങൾ, ലാൻഡ്സ്കേപ്പിംഗ് എന്നിവ സ്ഥാപിച്ചു. വീഥിയിലേക്ക് വാഹനങ്ങൾ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. കലാപരിപാടികൾക്ക് പ്രത്യേക വേദികൾ സ്ഥാപിച്ചു. പ്രദർശന സ്ഥലങ്ങൾ ഒരുക്കി. അനധികൃത വഴിയോര കച്ചവടങ്ങൾ നിയന്ത്രിച്ചു. ഒരു സമ്പൂർണ്ണ 'നൈറ്റ് ലൈഫ്' കേന്ദ്രമാക്കി വികസിപ്പിച്ച മാനവീയം വീഥിയാണ് 2023 ഫെബ്രുവരിയിൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തത്. ഭക്ഷണശാല ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ആളുകൾക്ക് ഇവിടെ രാത്രിസമയം ചെലവഴിക്കാം.

മാനവീയം തെരുവിടം പോലുള്ള സാംസ്കാരിക കൂട്ടായ്മകൾ കോർപ്പറേഷന്റെയും സാംസ്കാരിക വകുപ്പിന്റെയും പിന്തുണയോടെ ഇവിടെ പരിപാടികൾ സംഘടിപ്പിക്കുകയും വീഥിയുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്തുവരുന്നു. വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്ന ഒരു പൊതു ഇടമായി മാനവീയം വീഥി മാറിയിട്ടുണ്ട്. ഇത് തെരുവുനാടകങ്ങൾക്ക് സ്ഥിരം വേദിയാണ്. വിവിധ സംഗീത ശാഖകളിലുള്ള കലാകാരന്മാർ, പ്രത്യേകിച്ച് യുവാക്കൾ, ഇവിടെ സംഗീത പരിപാടികൾ അവതരിപ്പിക്കാറുണ്ട്. വീഥിയുടെ വശങ്ങളിൽ കലാകാരന്മാർ തങ്ങളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുകയും സന്ദർശകരുമായി നേരിട്ട് സംവദിക്കുകയും ചെയ്യുന്നു.

പുഞ്ചിരിക്കുന്നവരുടെയും പാട്ടുപാടുന്നവരുടെയും സമസ്ഥലിയെന്നാണ് കവിയും സാംസ്കാരിക പ്രവർത്തകനും മാനവീയം തെരുവിടം അദ്ധ്യക്ഷനുമായ വിനോദ് വൈശാഖി ഈ തെരുവിടത്തെ വിശേഷിപ്പിക്കുന്നത്. ആറ് മണിക്ക് വിളക്കുകൾ തെളിയുമ്പോൾ സ്നേഹത്തിന്റെയും സംസ്കാരത്തിന്റെയും ഈ ഇടനാഴിയിൽ നില്ക്കാനൊരു സുഖമുണ്ടെന്ന് വൈശാഖി പറയുന്നു. മനസ്സിന്റെ വിങ്ങലിന് അയവു വരുത്തുന്ന ഒരിടമാണ് മാനവീയം വീഥിയെന്ന് തീയേറ്റർ - സിനി ആർട്ടിസ്റ്റ് പ്രഭാകരൻ നിലൗവ്ന സാക്ഷ്യപ്പെടുത്തുന്നു. മാനവീയം വീഥി തന്നെ പോലെ ശ്രവണ- സംസാര പരിമിതി ഉള്ളവർക്കും പോസിറ്റിവിറ്റി നൽകുന്ന

**തെരുവുകളിലെ മനുഷ്യർ അനുഭവിക്കുന്ന സ്വാതന്ത്ര്യവും സ്വാശ്രയ ബോധവും തെരുവിലെ ആവിഷ്കാരങ്ങൾക്കും പകർന്നു കിട്ടുന്നു. കൂടുതൽ സ്വാതന്ത്ര്യ ബോധമുള്ള ഒരു പൗരസമൂഹം രൂപപ്പെടുന്നത് ഇത്തരം ആവിഷ്കാരങ്ങളുടെ കൂടി ബലത്തിലാണ്. ഇതിന് സർക്കാർ സംവിധാനത്തിന്റെ പിന്തുണ എങ്ങനെ ഉറപ്പാക്കാൻ കഴിയുമെന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ് മാനവീയം വീഥി.**



ഇടമാണെന്ന് ഹാർഡ് ഓഫ് ഹിയറിംഗ് കമ്മ്യൂണിറ്റി കൺവീനർ അനീഷ്കുമാർ ടി പറയുന്നു. കുറവുകൾ നോക്കാത്ത ഒരു സൗഹൃദ വലയം, പരസ്പരം പിന്തുണ നൽകുന്ന സുഹൃത്തുക്കൾ - കേൾവിക്കുറവുള്ളവർ മാറി നിൽക്കേണ്ടവരല്ലെന്ന് തന്നെ ബോധ്യപ്പെടുത്തിയത് മാനവീയം വീഥിയിലെ കൂട്ടായ്മകളാണെന്ന് അനീഷ്കുമാർ വ്യക്തമാക്കുന്നു.

'പൊതുയിടങ്ങൾ അന്യം നിന്നുപോകുന്ന ഈ കാലത്ത് വെറുപ്പിനും വിദ്വേഷത്തിനുമെതിരായ കലയുടെ സർഗാത്മക പ്രതിരോധങ്ങൾക്ക് വേദിയാകുന്ന 'ഇടമാണ് മാനവീയം വീഥി' എന്ന് മാനവീയം സ്ട്രീറ്റ് ലൈബ്രറി സെക്രട്ടറി കെ ജി സൂരജ് പറയുന്നു. ലോകപ്രസിദ്ധ കാർട്ടൂണിസ്റ്റ് അബു എബ്രഹാം തൂലികയുമായി പറക്കുന്ന വെള്ളരി പ്രാവിന്റെ രേഖാചിത്രം വരച്ച് മാനവീയത്തിന്റെ കലാസപര്യക്ക് തുടക്കം കുറിച്ചത് സൂരജ് ഓർമ്മിക്കുന്നു. കലാകാർക്കും ആസ്വാദകർക്കും തുല്യ പങ്കാളിത്തമുള്ള ഇടമാണ് ഇതെന്ന് സൂരജ് സാക്ഷ്യപ്പെടുത്തുന്നു. 'വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, ട്രാൻസ് ജെൻഡർ വ്യക്തികൾ, ഭിന്നശേഷിക്കാർ, യുവജനങ്ങൾ, കൗമാരക്കാർ, തൊഴിലാളികൾ തുടങ്ങി സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടേയും സാംസ്കാരിക മുന്നേറ്റം ലക്ഷ്യമിട്ട് നടപ്പിലാക്കിയ ഒരു കലാപദ്ധതി'യാണ് മാനവീയം സാംസ്കാരിക ഇടനാഴി സാധ്യമാക്കിയത്.' സ്വാതന്ത്ര്യവും സമഭാവനയും അനുഭവിപ്പിക്കുന്ന ഈ തെരുവിടം ഏതു സമയത്തും ആർക്കും സുരക്ഷിതമാണ്. 24 X 7 പ്രവർത്തിക്കുന്ന പൊലീസ് എയ്ഡ് പോസ്റ്റ്, നിരീക്ഷണ ക്യാമറകൾ, കലാതത്പരരായ പൊലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം എന്നിവ സൂരജ് എടുത്തുപറയുന്നു.

അപകടത്തിൽ സ്പൈനൽ കോഡിന് പരിക്ക് പറ്റി രണ്ടു വർഷത്തിലധികം വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ കഴിയേണ്ടിവന്ന സുൽഫി ജലാലിന് മാനവീയത്തിലെ സൗഹൃദങ്ങളാണ് പുതിയൊരു ജീവിതം നൽകിയത്. 'മക്കളുടെ ജന്മദിനം ആഘോഷിക്കാനും ഒരുമിച്ച് ചേർന്നിരുന്നു ചായ കുടിച്ചും കുശലം പറഞ്ഞും റിട്ടയേഡ് ജീവിതം ആസ്വദിക്കാനും കലാവിഷ്കാരങ്ങൾ കണ്ടാസ്വദിക്കാനും അവതരിപ്പിക്കാനും എത്തുന്നവർക്കും വീഡിയോ ഷൂട്ടിങ്ങും ഫോട്ടോഗ്രാഫിയുമായി വരുന്ന കൗമാരപ്രായക്കാർക്കും ഇടയിൽ കാഴ്ചയില്ലാത്തവർക്കും കേൾവിവൈകല്യമുള്ളവർക്കും ഒപ്പം' സുൽഫിയും മാനവീയം വീഥിയിലെ നിത്യ സന്ദർശകനായി മാറി. സമൂഹം വെറുത്തുവെന്ന് തോന്നിയിടത്തു നിന്നാണ് മാനവീയം വീഥി തന്നെ സൗഹൃദങ്ങളുടെ ലോകത്ത് തിരിച്ചെത്തിച്ചതെന്ന് സുൾഫി പറയുന്നു.

കലയും സംസ്കാരവും സംബന്ധിച്ച സാമാന്യ ധാരണകൾ മാറ്റിപ്പണിയാൻ ഇത്തരം തെരുവിടങ്ങൾക്ക് കഴിയുമെന്ന് മാനവീയം വീഥിയുടെ അനുഭവം കാണിക്കുന്നു. തുടക്കത്തിൽ മാനവീയം വീഥിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായപ്പോൾ 'തെരുവിൽ പാടുന്ന പെണ്ണ് ' എന്ന വിളിപ്പേരാണ് തനിക്ക് കിട്ടിയതെന്നും പിന്നീടത് മാറിയെന്നും ഗായികയും സിനിമ - നാടക പ്രവർത്തകയുമായ ഷൈലജ പി അമ്പു പറയുന്നു. 'മാനവീയം സാംസ്കാരിക ഇടനാഴിയുടെ കലാകാരി'യായി അറിയപ്പെടുന്നത് ഇപ്പോൾ തനിക്ക് അംഗീകാരമാണെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. തന്റെ കലാസാംസ്കാരിക ജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും പ്രധാന ഏടാണ് മാനവീയം വീഥിയെന്ന് ഷൈലജ പറയുന്നു.

കലാവതരണങ്ങൾക്ക് മാത്രമല്ല, ക്വിയർ പ്രൈഡ് പരേഡ് പോലുള്ള വേറിട്ട കൂട്ടായ്മകൾക്കും സർഗാത്മക പ്രതിഷേധങ്ങൾക്കും ഐക്യദാർഢ്യ കൂട്ടായ്മകൾക്കും മാനവീയം വീഥി വേദിയായി. മതേതരത്വം, വ്യക്തിസ്വാതന്ത്ര്യം, സ്ത്രീപുരുഷ തുല്യത, സാമൂഹിക ഉൾക്കൊള്ളൽ, തുടങ്ങിയ ആധുനിക മൂല്യങ്ങളിലേക്ക് വികസിക്കുന്ന സജീവ ചിന്തകളുടെ ഒരു തുറന്ന ഇടമായി ഇതിനെ കാണാം.



ന്യൂ ഡൽഹി പ്രഗതി മൈതാനിയിൽ നടന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ മികച്ച വ്യാപാരം നടത്തിയ സ്റ്റാളിനുള്ള പുരസ്കാരം തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ ഏറ്റുവാങ്ങുന്നു.

ന്യൂ ഡൽഹി പ്രഗതി മൈതാനിയിൽ നടന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റാൾ. വിവിധ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള ഉത്പാദക സൊസൈറ്റികളിൽ നിന്നുള്ള ഉത്പന്നങ്ങളാണ് എൽഎസ്ജിഡി സ്റ്റാളിൽ ലഭ്യമാക്കിയത്.








THADDESAKAM (MONTHLY) NOVEMBER 2025
₹30 Annual Subscription ₹300, Published on November 2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/11/2024




Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.